2024
നവംബർ
വാല്യം 17 | ലക്കം 11
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



"ഞാനാണ് പുനരുദ്ധാനവും ജീവനും,
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹന്നാൻ 11:25)


Chavara Matrimony.com
Connecting Hearts
നല്ലൊരു ആലോചന യാണ്!
കല്യാണാലോചന
ചാവറ മാട്രിമണിയിൽ
ഇപ്പോൾ
ലാറ്റിൻ വിഭാഗക്കാർക്ക്
പ്രീമിയം സർവീസുകൾ
സ്വന്തമാക്കാം,
ഡിസ്കൗണ്ട്
വേഗമാകട്ടെ!
Fr. Anil Philip CMI
Johnson C. Abraham
Chavara Family Welfare Centre
H.O Chavara Cultural Centre, Kochi
99617 44444
0484 40 80 333
1800 103 4080
29 Branches in Kerala, Bangalore, Coimbatore, Mumbai & Delhi
KOTTAYAM
Call us 9995 777 601

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2024 NOVEMBER Registered Newspaper, Reg. No. KERMAL/2008/24745 VOL.17 ▪ No.11



THE ROMAN CATHOLIC DIOCESE OF VIJAYAPURAM · AD CHRISTI NOMEN - 1930

EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Dr. Fr. Chacko Puthenparembil**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ


04 എഡിറ്റോറിയൽ

07 പ്രത്യാശ പകരാനായി മിഷൻ ഞായർ സന്ദേശം 2024

11 തിരുവല്ല മേഖല – മീറ്റിംഗ് റിപ്പോർട്ട് 2023–24

12 സ്വപ്നങ്ങളില്ലാത്ത ഉറക്കമാണ് മരണം

14 ക്രിസ്തു ജീവിക്കുന്നു

15 അവൻ നമ്മെ സ്നേഹിച്ചു

16 ബ്രദർ റോക്കി പാലയ്ക്കൽ അനുസ്മരണം

21 നിത്യതയെ ഓർമ്മപ്പെടുത്തുന്ന നവംബർ മാസം

23 ഇടവക വാർത്തകൾ

31 വി.എസ്.എസ്.എസ്. വാർത്തകൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at **Good Shepherd Press**, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.





vijayapuradhuthu@gmail.com

Editorial

# നവംബർ
# വിശുദ്ധരുടെ ഐക്യത്തിന്റെ മാസം

സഭയുടെ മൂന്നു ഘടകങ്ങളാണ് വിജയസഭ, സമരസഭ, സഹനസഭ. വിജയസഭയിലെ വിശുദ്ധരും, സമരസഭയിലെ വിശ്വാസികളും സഹനസഭയിലെ ആത്മാക്കളും തമ്മിലുള്ള ബന്ധങ്ങൾ വിശുദ്ധരുടെ ഐക്യം വിശ്വാസികളായ നമ്മൾ നവംബർ ഒന്നാം തീയതി സകല വിശുദ്ധരുടെയും തിരുനാൾ കൊണ്ടാടുന്നു. നവംബർ രണ്ടാം തീയതിയിൽ മാത്രമല്ല ഈ മാസം മുഴുവൻ തന്നെ ശുദ്ധീ കരണത്തിനായി സകല ആത്മാക്കളുടെ ഓർമ്മ ആചരിക്കുന്നു. നാമെല്ലാവരും ഈ ലോകത്ത് ജീവിക്കുന്നവരും, മരണ കവാടത്തിലൂടെ നിത്യതയിലേക്ക് കടന്നുപോയവരും പരസ്പരം ബന്ധപ്പെട്ടവരുമാണ്. ഒരേ ദൈവകുടുംബത്തിലെ അംഗങ്ങളാണ്, പരസ്പരം സ്വന്തമെന്നുകരുതി പരസ്പരം കരുതിയും സഹായിച്ചും നന്മക്കായി സ്വാധീനിച്ചും കൂട്ടായ്മയായി കൂട്ടായ്മകളുടെ കൂട്ടായ്മയായി ജീവിക്കേണ്ടവരാണ്.

**നവംബർ : ആരാധനവത്സരത്തിലെ അവസാനമാസം**

സാധാരണ കലണ്ടറിൽ ഡിസംബർ ആണ് അവസാന മാസമെങ്കിലും ആരാധനാവത്സരത്തിലെ അവസാനമാസം നവംബർ ആണ്. അത് അവസാനങ്ങളെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ ലോക ജീവിതത്തിന്റെ അവസാനങ്ങളെക്കുറിച്ച് നവംബർ ഒന്നാം തീയതി നാമാഘോഷിക്കുന്ന സകല വിശുദ്ധരുടെയും തിരുനാളും രണ്ടാം തീയതി ആഘോഷിക്കുന്ന സകല ആത്മാക്കളുടെ ഓർമ്മപ്രചരണവും ഓർമ്മപ്പെ ടുത്തുന്നു. ഈ ലോകത്തിന്റെ അവസാനത്തെക്കുറിച്ച് ഓർമ്മപ്പെടുത്തു ന്നതാണ് 24-ാം തീയതി ആഘോഷിക്കുന്ന ക്രിസ്തുരാജന്റെ തിരുനാൾ. നിത്യലോകത്തിന്റെ രാജാവാണല്ലോ മരണത്തെയും ജ്വലിച്ച് ഉത്ഥിതനായി എന്നും ജീവിക്കുന്ന ക്രിസ്തുരാജൻ. ആ തിരുനാളാണ് ആരാധനാവർഷ ത്തിലെ അവസാനം ആഴ്ചയുടെ ആദ്യനാൾ.

**നവംബർ : മരിച്ചുപോയവരെ ഓർക്കാനുള്ള മാസം**

നമ്മുടെ ഓരോ ദിവ്യബലിയിലും മരിച്ചുപോയവരെയോർത്ത് പ്രാർത്ഥി ക്കുന്നുണ്ടെങ്കിലും അവരെയോർത്ത് പ്രത്യേകം പ്രാർത്ഥിക്കാൻ നിശ്ചയി

ക്കപ്പെട്ട ദിവസമാണ് നവംബർ രണ്ട്. അതിനുള്ള മാസമാണ് നവംബർ.

നാലു കാര്യങ്ങളാണ് ഈ മാസം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

1. മരിച്ചുപോയവർക്കുവേണ്ടി നാം പ്രാർത്ഥിക്കണം. കാരണം സ്നേഹം മരണത്തിൽ അവസാനിക്കുന്നില്ല. ഒരാൾ മരിച്ചു കഴിഞ്ഞാലും അവരോടുള്ള ബന്ധുക്കളുടെയും മിത്രങ്ങളുടെയും മാത്രമല്ല ദൈവത്തിന്റെ തന്നെ സ്നേഹം അവസാനിക്കുന്നില്ല. യേശു നാഥൻ തന്നെയും തന്റെ കൂട്ടുകാരനായ ലാസർ മരിച്ച് അടക്കപ്പെട്ടിട്ടും നാലാം ദിവസം കല്ലറയിങ്കൽ വന്ന് കരഞ്ഞല്ലോ. നമ്മിൽ നിന്ന് മരിച്ചുപോയവരെ കർത്താവിന്റെ സന്നിധിയിൽ സ്നേഹത്തോടുകൂടി പ്രാർത്ഥനയോടും കൃതജ്ഞതയോടും ഓർത്ത് ദൈവ കരങ്ങളിലേക്ക് സമർപ്പിച്ച് അവിടുന്നാകുന്ന നിത്യജീവിനിലേക്ക് അവൻ കടന്നുവരുന്നത് ബോധ്യപ്പെടണം.
2. മരിച്ചവരെയോർത്ത് നിത്യം വിലപിച്ചിരിക്കേണ്ടവരോ, അവരെ നമുക്ക് നഷ്ടപ്പെട്ടുവെന്നോർത്ത് ആകുലപ്പെടേണ്ടവരോ അവരെ നമുക്ക് പഴയതുപോലെ തിരിച്ചു കിട്ടണമെന്ന് വാശിപിടിച്ചിരിക്കേണ്ടവരോ അല്ല നാം. അവർ ഇനി പൂർണ്ണമായി ദൈവത്തിന്റെ സ്വന്തമായ ദൈവഭവനത്തിൽ ദൈവത്തോടൊത്ത് നിത്യം ജീവിക്കേണ്ടവരാണെന്ന് ബോധ്യപ്പെട്ട് നന്ദി പറഞ്ഞ ഹൃദയത്തോടെ ദൈവകരങ്ങളിലേക്ക് വിട്ടു കൊടുക്കേണ്ടവരാണ്. നമ്മുടെ സ്നേഹത്തിലും നമ്മുടെ ലോകത്തിലും അവരെ ഒതുക്കിവയ്ക്കാൻ ശ്രമിക്കാതെ അളവറ്റ ദൈവസ്നേഹത്തിൽ പൂർണ്ണമായി വിലയം പ്രാപിച്ച് നിത്യഭവനത്തിന്റെ ദൈവത്തോടു സകല വിശുദ്ധരോടുമൊത്ത് നിത്യം ജീവിക്കാൻ നാം അവരെ അനുവദിക്കണം.
3. ഈ ലോകത്തിലോ, ഈ ലോകജീവിതത്തിലോ അവസാനിക്കാനുള്ളതല്ല നമ്മുടെ ജീവിതം. നിത്യതയിലേക്കുള്ള വാതിലായ മരണത്തിലൂടെ നിത്യജീവന്റെ വഴിയായ ക്രിസ്തുരാജനിലൂടെ ദൈവഭവനത്തിലേക്ക് യാത്ര ചെയ്യുന്നവരാണ് നമ്മൾ. അതിനാൽ ഈ ലോകത്തിലോ ഈ ലോകജീവിതത്തിലോ നാം കുടുങ്ങിപ്പോകരുത്. അപ്പുറത്ത് ഒരു ലോകമുണ്ടെന്നും അവിടെ നിത്യം ജീവിക്കേണ്ടവരാണെന്നും ബോധപ്പെട്ട് ഈ ലോകത്തിൽ തന്നെ നിത്യതയുടെ വെളിച്ചത്തിലും പ്രതീക്ഷയിലും നാം ജീവിക്കണം.
4. അമ്മയുടെ ഉദരത്തിൽ നിന്ന് ഈ ലോകത്തിലേക്ക് പിറക്കുന്നതുപോലെയാണ് മരണം. മരണത്തിലൂടെ നാം ഈ ലോകത്തിൽ നിന്ന് നിത്യലോകത്തിലേക്ക് പിറക്കുന്നു. അതിനാലാണല്ലോ വിശുദ്ധരുടെ മരണ ദിവസം അവരുടെ സ്വർഗ്ഗപ്രവേശത്തിന്റെ തിരുനാളായി ആഘോഷിക്കുന്നത്. അമ്മയുടെ ഗർഭപാത്രത്തിൽ നാം ഈ ലോകജീവിതത്തിനായി സജ്ജരാക്കപ്പെടുന്നു. ഈ ലോകത്തിലോ നാം


നിത്യലോകജീവിതത്തിനായി ഒരുക്കപ്പെടുകയും സജ്ജീകരിക്കപ്പെടുകയുമാണ്. നാം സമയമാകും മുമ്പ് ജനിച്ചാൽ നമ്മെ ഇൻക്വിബേറ്ററിലാക്കി ഈ ലോകജീവിതത്തിന് സജ്ജരാക്കും. നാം സമയമാകും മുമ്പ് വേണ്ടത്ര സജ്ജരാക്കാതെ മരിച്ചാലോ, ദൈവം നമ്മെ ശുദ്ധീകരണത്തിലെ ഇൻക്വിബേറ്ററിലാക്കി സ്വർഗ്ഗത്തിന് സജ്ജരാക്കും. അതോർമ്മപ്പെടുത്തുന്നു നവംബറിലെ ആചരണങ്ങൾ.

## പരേതരെ സ്മരിക്കാം

### നവംബർ

| | | |
|---|---|---|
| 07 | (1984) | മോൺ. ജേക്കബ് വെള്ളരിങ്ങാട്ട് |
| 12 | (1981) | ഫാ. ബെനഡിക്റ്റ് ഒ.സി.ഡി. |
| 13 | (2007) | ഫാ. വിജിലിയൂസ് ചിരിയങ്കണ്ടത്തിൽ |
| 14 | (1996) | ഫാ. ജോവാക്കിം കണക്കൻചേരി |
| 23 | (2011) | ഫാ. ധർമ്മരാജ് എം. |
| 24 | (1931) | ഫാ. മരിയാൻ ഒ.സി.ഡി. |
| 25 | (2000) | ഫാ. ഫെലിചിസിമോ ദേ ഔരോ ബിൽബാവോ ഒ.സി.ഡി. |
| 29 | (2012) | ഫാ. പോൾ കാനാട്ട്. |






## ജന്മദിനാശംസകൾ

| | |
|---|---|
| 03 | ഫാ. വർഗ്ഗീസ് ആലുങ്കൽ |
| 05 | ഫാ. പയസ് കുടകശേരി |
| 14. | ഫാ. ജോസഫ് മീനായിക്കോടത്ത് |
| 17. | ഫാ. ടോം ജോസ് |
| 22. | ഫാ. മാത്യു വില്ലുകുളം |
| 29. | ഫാ. മാത്യു പൂവക്കാട്ടുതറപ്പിൽ |
| 30. | ഫാ. ക്ലീറ്റസ് കതിർപ്പറമ്പിൽ |

### നവംബർ

VIJAYAPURAM DIOCESAN BULLETIN

Diocese of Vijayapuram

CIRCULAR LETTER

Vol. XVIII • No.4 • October 2024

# പ്രത്യാശ പകരാനായി മിഷൻ ഞായർ സന്ദേശം 2024

വന്ദ്യവൈദികരേ, ബഹു സന്യസ്തരേ, ക്രിസ്തുവിൽ പ്രിയ മക്കളേ,

പ്രത്യാശയുടെ അപ്പോസ്തലനായിരിക്കണം ഒരോ വിശ്വാസിയും. "വിശ്വാസം എന്നത് പ്രത്യാശിക്കുന്നത് ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തത് ഉണ്ട് എന്ന ബോധ്യവുമാണ്" (ഹെബ്ര 11/1). ജ്ഞാനസ്നാനത്തിലൂടെ ഒരോ ക്രിസ്ത്യാനിയും പ്രേഷിതനായി മാറുന്നു. അതായത് ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത് തനിക്കു ലഭിച്ച വിശ്വാസം മറ്റുള്ളവർക്കു പകർന്നു കൊടുക്കാനാണ്. സഭയുടെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി ഈ വസ്തുത വ്യക്തമാക്കുന്നു: "എല്ലാ ക്രിസ്തീയ വിശ്വാസികളും അവർ എവിടെ താമസിക്കുന്നവരായാലും, ജീവിതമാതൃകയാലും വചനത്തിന്റെ സാക്ഷ്യത്താലും മാമോദീസ വഴി തങ്ങൾ ധരിച്ച പുതിയ മനുഷ്യനെയും സ്ഥൈര്യലേപനം വഴി തങ്ങളെ ബലപ്പെടുത്തിയ പരിശുദ്ധാവിന്റെ ശക്തിയും പ്രകടമാക്കാൻ കടപ്പെട്ടിരിക്കുന്നു" (AG. 11). വിശ്വാസികളിൽ നിന്നും എന്താണ് പ്രതിക്ഷിക്കുന്നതെന്നു ഡിക്രി തുടർന്ന് വിശദീകരിക്കുന്നുണ്ട് : "മിശിഹായുടെ ശിഷ്യർ സ്വന്തം ജീവിതത്തിലും പ്രവർത്തനത്തിലും ജനങ്ങളോട് അവഗാഢം ബന്ധപ്പെട്ടു അവർക്കു യഥാർത്ഥമായ മിശിഹാ സാക്ഷ്യം നൽകുന്നതിനും മിശിഹായെ പൂർണമായി പ്രഘോഷിക്കുന്നതിനു കഴിവില്ലാത്ത സ്ഥലങ്ങളിൽ പോലും ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനും അഭിലഷിക്കുന്നു. ജനങ്ങളുടെ ഭൗതികമായ വളർച്ചയും അഭിവൃദ്ധിയും മാത്രമല്ല അവർ അന്വേഷിക്കുന്നത് പ്രത്യുത അവരുടെ മഹത്വവും ഭ്രാതൃസഹജമായ ഐക്യവും വളർത്താനുമാണ്. മിശിഹാ തന്റെ പ്രകാശത്താൽ വെളിപ്പെടുത്തിയ മതപരവും ധാർമികവുമായ സത്യങ്ങൾ പഠിപ്പിച്ചുകൊണ്ട് ക്രമേണ ദൈവത്തിന്റെ പക്കലേക്കുള്ള കൂടുതൽ പൂർണമായ പ്രവേശനത്തിനു വഴി തുറക്കാനാണിത്"(AG.12). അതായത് ഒരു വിശ്വാസി സ്വന്തം ആത്മരക്ഷക്കുവേണ്ടി മാത്രം ജീവിക്കുകയല്ല പിന്നെയോ തനിക്കു ലഭിച്ച ജീവന്റെ വെളിച്ചത്തിലേക്കു മറ്റുള്ളവരെയും ഭാഗഭാക്കാക്കാൻ

കടപ്പെട്ടിരിക്കുന്നു. ശരിയായ അർത്ഥത്തിൽ സ്വർഗത്തിൽ ലഭ്യമാകാൻ പോകുന്ന വിരുന്നിന്റെ മുന്നാസ്വാദനം ലഭിക്കുന്നവനാണ് വിശ്വാസി. പ്രസ്തുത വിരുന്നിലേക്കു മറ്റുള്ളവരെയും പങ്കെടുപ്പിക്കാനുള്ള നമ്മുടെ പരിശ്രമമാണ് നമ്മുടെ സുവിശേഷ പ്രഘോഷണം . ഈ അർത്ഥത്തിലാണ് 2024 ലെ ലോകപ്രേഷിത ദിനത്തിലെ മുഖ്യവിഷയമായി പ. ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്ന സുവിശേഷ ഭാഗം:"പോയി ക്ഷണിക്കുവിൻ"(മത്താ. 22/1-14). നമുക്കും അലസത വെടിഞ്ഞു നിസംഗത അകറ്റി അതീവ താല്പര്യത്തോടെ ഏറെ തീക്ഷ്ണതയോടെ ആശയറ്റ് അന്ധകാരത്തിൽ കഴിയുന്ന മനുഷ്യരെ പ്രത്യാശയുടെ അനുഭവത്തിലേക്കു ക്ഷണിക്കാം. യഥാർത്ഥത്തിൽ നമോരോരുത്തരും പ്രത്യാശ പകരുന്നവരായിരിക്കണം. പ്രത്യാശയുടെ തീർത്ഥാടകരായി മാറുക എന്ന ലക്ഷ്യത്തോടെയാണ് നാം ജൂബിലി വർഷത്തിലേക്കു പ്രവേശിക്കേണ്ടതെന്ന് പ. ഫ്രാൻസിസ് പാപ്പ ഉദ്ബോധിപ്പിക്കുന്നു.

## ജൂബിലിക്കായി നമുക്ക് ഒരുങ്ങാം

നമ്മുടെ എല്ലാ ആഘോഷങ്ങളും ജൂബിലിയുടെ അരുപിയിൽ നിറവേറ്റപ്പെടണം. ഒരുമിച്ചു മുന്നേറാം എന്ന സിനഡാത്മക ശൈലി കുടുംബങ്ങളിലും, കൂട്ടായ്മകളിലും, സമൂഹങ്ങളിലും ഇടവകകളിലും രൂപതയിലും നടപ്പിൽ വരുത്തണം. എല്ലാവരെയും ഉൾക്കൊണ്ട് (communion), ഏവരുടെയും ഭാഗഭാഗിത്വം ഉറപ്പുവരുത്തി (participation), വചനപ്രേഘോഷകരായി(mission) മാറാനുള്ള ഒരു പരിവർത്തനം സഭാതനയരിൽ സംഭവിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം കൈവരിക്കാൻ 2023 പഠനത്തിനായും 2024 പ്രാർത്ഥനയ്ക്കായും 2025 തീർത്ഥാടനത്തിനായും നീക്കിവച്ചു.

വിശ്വാസസത്യങ്ങളെക്കുറിച്ചും കൗദാശിക ജീവിതത്തെക്കുറിച്ചും കൂടുതൽ അറിവ് നേടാനായി രണ്ടാം വത്തിക്കാൻ പ്രമാണരേഖകളിൽ തിരുസഭയെക്കുറിച്ചുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ, ദൈവവചനത്തെ ക്കുറിച്ചുള്ള ഡോഗ്മറ്റിക് കോൺസ്റ്റിറ്റ്യൂഷൻ, ദൈവാരാധനയെക്കുറിച്ചുള്ള കോൺസ്റ്റിട്യൂഷൻ, സഭ ആധുനിക യുഗത്തിൽ എന്ന പാസ്റ്ററൽ കോൺസ്റ്റിട്യൂഷൻ എന്നിവ പഠനവിഷയമാക്കുവാൻ പരി. പിതാവ് നമ്മെ ആഹ്വാനം ചെയ്തു. ഇവ പ്രായോഗിക തലത്തിൽ കൊണ്ടുവരാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുവാൻ നമുക്കു ഒത്തൊരുമിച്ചു പരിശ്രമിക്കാം. സിനഡാത്മകതയുടെ സവിശേഷത മറ്റുള്ളവരെ കേൾക്കാനും മനസ്സിലാക്കാനുമുള്ള മനോഭാവമാണ്. നാം ആദ്യമേതന്നെ ദൈവത്തെ കേൾക്കണം മനസ്സിലാക്കണം. യഥാർത്ഥമായ പ്രാർത്ഥന ദൈവത്തെ കേൾക്കുകയും ദൈവത്തോട് വ്യക്തിപരമായി സമ്പർക്കം പുലർത്തുകയും ചെയ്യുന്നതാണ്. നമ്മുടെ കൗദാശിക ജീവിതം ഫലപ്രദമാക്കാനുള്ള യത്നമാണ് പ്രാർത്ഥനയുടെ കാലഘട്ടത്തിൽ നാം നടത്തുന്നത്. 2025 ൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ വരപ്രസാദത്താൽ നിറഞ്ഞു പ്രത്യാശയുള്ളവരായി ഒരുമിച്ചു മുന്നേറാൻ നമുക്ക് സാധ്യമാകണം.

## സാധാരണ ജൂബിലി വർഷം നമ്മുടെ രൂപതയിൽ

2024 ഡിസംബർ 24 മുതൽ 2026 ജനുവരി 06 വരെയുള്ള കാലഘട്ടമാണ് സാധാരണ ജൂബിലി വർഷമായി ആഗോളാസഭയിൽ ആഘോഷിക്കപ്പെടുന്നത്. ഈ വർഷം ഡിസംബർ 24-ാം തീയതി പ. ഫ്രാൻസിസ് പാപ്പ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ വിശുദ്ധ വാതിൽ തുറന്നു ജൂബിലി വർഷത്തിന് സമാരംഭം കുറിക്കും.

ലോകമെങ്ങുമുള്ള എല്ലാ രൂപതകളിലും ജൂബിലി വർഷം ആരംഭിക്കുന്നത് 2024 ഡിസംബർ 29-ാം തീയതി തിരുക്കുടുംബ തിരുനാൾ ദിനത്തിലാണ്. അന്നേദിനം നമ്മുടെ ഭദ്രാസന ദൈവാലയത്തിൽ വച്ച് ഉച്ചകഴിഞ്ഞ് 4 മണിക്ക് ജൂബിലി കുരിശു പ്രതിഷ്ഠിച്ചുകൊണ്ട് നടത്തപ്പെടുന്ന സമൂഹദിവ്യബലിയോടുകൂടെ സാധാരണ ജൂബിലി വർഷാഘോഷങ്ങൾക്ക് നമ്മുടെ രൂപതയിൽ തുടക്കം കുറിക്കുകയാണ്. അന്നേ ദിവസത്തെ സമൂഹ ദിവ്യബലിയിൽ പങ്കെടുക്കുവാനും, പ്രത്യാശയുടെ തീർത്ഥാടകരായി തീരുവാനും എല്ലാ വൈദികരേയും, സന്യസ്തരേയും അല്മായരേയും പ്രത്യേകിച്ച് യുവജനങ്ങളെ ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ജൂബിലിയുടെ ഇടവക-മേഖല ആഘോഷങ്ങൾ ഫൊറോന വികാരിമാരുടെ നേതൃത്വത്തിൽ മേഖല വൈദികരും, സന്യസ്തരും, അത്മായരും കൂടി ആലോചിച്ച് നടത്തപ്പെടേണ്ടതാണ്. ദിവ്യബലിക്കു ശേഷം നമ്മുടെ ഫൊറോനകളിലേക്കുള്ള കുരിശുകൾ ഫൊറോന വികാരിമാരെ ഏല്പിക്കുന്നതായിരിക്കും. 2025 തിരുകുടുംബ തിരുന്നാളിലാണ് ജുബിലിവർഷം രൂപതകളിൽ സമാപിക്കുന്നത്. ജൂബിലിവർഷത്തിലെ ഇടവക ഫൊറോനാ രൂപതാതല പരിപാടികളെക്കുറിച്ച് അറിയിപ്പ് സമയാസമയങ്ങളിൽ നൽകുന്നതായിരിക്കും.

## ആഗോള സുവിശേഷവത്കരണ സുദിനം

ഇന്ന് ലോകത്തിനു മിഷണറിമാരെ-വൈദികരെ, സന്യസ്തരെ, അൽമായ പ്രേഷിതരെ ആവശ്യമാണ്. ഒരു നാട്ടിൽ ഇരുപതു വർഷത്തേക്ക് ഒരു വൈദികന്റെ സേവനം ലഭിക്കുന്നില്ലങ്കിൽ, അവിടെ മനുഷ്യർ കാട്ടുമൃഗങ്ങളെ ആരാധിക്കാൻ തുടങ്ങുമെന്ന് വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി വിശ്വസിച്ചിരുന്നു. ലോകത്തിന്റെ നാനാ ഭാഗത്തും വചനം പ്രഘോഷിക്കാനും കൂദാശകൾ പരികർമ്മം ചെയ്യാനും മനുഷ്യരെ വിശുദ്ധിയിലേക്ക് നയിക്കാനും ശുശ്രൂഷകരെ ലഭ്യമാക്കാൻ ദൈവത്തോട് പ്രത്യേകമായി പ്രാർത്ഥിക്കാനായി നീക്കിവച്ചിരിക്കുന്ന ദിവസമാണിത്. അത് ദിവ്യനാഥന്റെ ആഹ്വാനം അന്വർത്ഥമാക്കുകയാണ്: "അവൻ ശിഷ്യന്മാരോട് പറഞ്ഞു : വിളവധികം: വേലക്കാരോ ചുരുക്കം. അതിനാൽ, തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ. 9/37-38). നമ്മുടെ എല്ലാ കുടുംബങ്ങളിലും, സ്ഥാപനങ്ങളിലും ദൈവാലയങ്ങളിലും സവിശേഷമായ ദൈവവിളിക്കായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന്

ഇത്തരുണത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു. സഭയുടെ മിഷ്യൻ ദൗത്യം മുന്നോട്ടുകൊണ്ടുപോകുവാൻ മിഷണറിമാരെ സംരക്ഷിക്കുവാൻ നാം പ്രാർത്ഥിക്കുന്നതോടൊപ്പം സാമ്പത്തിക സഹായവും നൽകണം. നല്ല മിഷൻ ചൈതന്യം ഉള്ളവരാണ് നമ്മൾ എന്ന് ഒരോ വർഷവും നാം തെളിയിക്കുന്നുണ്ട്. നമ്മുടെ എല്ലാ വൈദികരെയും സന്യസ്തരെയും അൽമായ മക്കളെയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. നിങ്ങളുടെ സംഭാവനകൾ 2025 ജനുവരി 31ന് മുമ്പ് കുരിയായിൽ എത്തിക്കേണ്ടതാണ്. നമ്മുടെ മക്കൾ രൂപത വൈദികരാകാനും രൂപത കോൺഗ്രഗേഷനിൽ ചേരാനും മാതാപിതാക്കൾ പ്രത്യേകം പ്രാർത്ഥിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

പരിശുദ്ധ വിമലഗിരി നാഥയുടെ സവിധേ നിങ്ങളെ എല്ലാവരെയും ഒരിക്കൽക്കൂടി സമർപ്പിച്ചുകൊണ്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചുകൊള്ളുന്നു.

**† സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
വിജയപുരം മെത്രാൻ

NB: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

## പരിശുദ്ധ പിതാവിന്റെ നവംബർമാസ പ്രാർത്ഥനാ നിയോഗം

ഒരു കുട്ടിയെ നഷ്ടപ്പെട്ട ഏതൊരാൾക്കും ഒരു മകന്റെയോ മകളുടെയോ നഷ്ടത്തിൽ വിലപിക്കുന്ന എല്ലാ മാതാപിതാക്കളും അവരുടെ സമൂഹത്തിൽ പിന്തുണ കണ്ടെത്താനും പരിശുദ്ധാത്മാവിൽ നിന്ന് സമാധാനവും ആശ്വാസവും ലഭിക്കാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## K.R.L.C.C. ജാഗ്രതാ സദസ്സ്

അർഹമായ നീതിയും അധികാരത്തിലെ ആനുപാതിക പങ്കാളിത്തവും ലത്തീൻ കത്തോലിക്കർക്കു നിഷേധിക്കപ്പെടുന്നുവെന്നു വിജയപുരം രൂപതാ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ. കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ നടത്തിയ ജനജാഗരം ജാഗ്രത സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നവംബർ, ഡിസംബർ മാസങ്ങളിൽ കോട്ടയം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ വിപുലമായ സമ്മേളനങ്ങൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. വിജയപുരം സഹായമെത്രാൻ ഡോ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ, ഫാ,. വർഗീസ് കോട്ടയ്ക്കാട്, ഫാ. വർഗീസ് ആലുങ്കൽ, സാജു ജോസഫ് എന്നിവർ പ്രസംഗിച്ചു.

# തിരുവല്ല മേഖല 4 - ാമത് മതബോധന കമ്മിറ്റി മീറ്റിംഗ് റിപ്പോർട്ട് 2023-24

തിരുവല്ല മേഖല 4-ാമത് മതബോധന കമ്മിറ്റി മീറ്റിഗ് 12/10/24 ശനിയാഴ്ച 9.30 ന് ചങ്ങനാശ്ശേരി മേരിമൗണ്ട് ദേവാലയത്തിൽ വച്ച് തിരുവഞ്ചൂർ ഇടവക വികാരി റവ.ഫാദർ ജിസ് ആനിക്കലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. മേഖലയിലെ 13 യൂണിറ്റുകളിൽ 9 യൂണിറ്റുകളിൽ നിന്നും 19 അധ്യാപകർ പങ്കെടുത്തു ബൈബിൾ പ്രതിഷ്ഠാ പ്രാർത്ഥനാ ഗാനം, ബൈബിൾ വായന എന്നിവയ്ക്ക് ശേഷം ചങ്ങനാശ്ശേരി മേരിമൗണ്ട് ദൈവാലയത്തിലെ മതബോധന എച്ച് എം ശ്രീ. മാത്യു സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു തുടർന്ന് മേഖലാ സെക്രട്ടറി ശ്രീമതി ജെസ്സ്റിമോൾ സാമുവൽ റിപ്പോർട്ട് അവതരിപ്പിച്ചു. സോണൽ റിപ്പോർട്ട് അവതരണത്തിനു ശേഷം പങ്കെടുത്ത ഓരോ യൂണിറ്റും മൂന്നു മാസത്തെ റിപ്പോർട്ട് അവതരണം നടത്തി തുടർന്ന് ഫാ. ജിസ് ആനിക്കൽ മതാദ്ധ്യാപകർക്ക് ഉണ്ടായിരിക്കേണ്ട ആറ് ഗുണങ്ങളെക്കൂറിച്ച് സന്ദേശം നൽകി. ഉള്ളിലുള്ള ക്രിസ്തുവിനെ മറ്റുള്ളവർക്ക് പകർന്നു നൽകുന്നവരാകണം ഓരോ മതാദ്ധ്യാപകരും എന്ന് അച്ചൻ ഓർമ്മിപ്പിച്ചു.

തിരുവല്ല മേഖലാ സെക്രട്ടറി ശ്രീമതി ജെസ്സിമോൾ സാമുവൽ കൃതജ്ഞത അർപ്പിച്ചു.

# തിരുപ്പട്ടദാനം



**ചീ**ന്തലാർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗങ്ങളായ ഡീക്കൻ റാഫേൽ ടോണിയുടേയും, ഡീക്കൻ മൈക്കിൾ ലിജോയുടേയും തിരുപ്പട്ടദാനം **2024 നവംബർ 21 -ാം തീയതി വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ്** ഇടവക പള്ളിയിൽ വച്ച് നടത്തപ്പെടുന്ന വിവരം സ്നേഹപൂർവ്വം അറിയിക്കുന്നു.

**ബിഷപ്പ് ജസ്റ്റിൻ മഠത്തിപറമ്പിൽ**
സഹായമെത്രാൻ, വിജയപുരം രൂപത

# സ്വപ്നങ്ങളില്ലാത്ത ഉറക്കമാണ് മരണം

ഫാ. ജിസ് ആനിക്കൽ

മനുഷ്യ ജീവിതത്തിൽ ആർക്കും തടഞ്ഞു നിർത്താനാവാത്ത പ്രതിഭാസമാണ് മരണം. സമയത്തിന്റെയും കാലത്തിന്റെയും പരിമിതികൾക്കുള്ളിൽ നിന്നു വീക്ഷിക്കുമ്പോൾ മരണം നഷ്ടമോ നികത്താനാവാത്ത വിടവോ ആയി നമുക്കു തോന്നിയേക്കാം. മരണത്തിനു മനുഷ്യ കുലത്തോളം പഴക്കമുണ്ട്. എവിടെയൊക്കെ മനുഷ്യൻ ജീവിച്ചിട്ടുണ്ടോ അവിടെയൊക്കെ അവന്റെ മരണവും സംഭവിച്ചിട്ടുണ്ട്.

മരണം എന്താണെന്നറിയാനായാലേ ജീവിതത്തെ മനസ്സിലാക്കാനകൂ. ജീവിതവും മരണവും രണ്ടല്ല, ഒന്നാണ്. ശ്വാസോച്ഛ്വാസങ്ങൾ പോലെ, ഒന്നിൽ നിന്നും മറ്റതിനെ ഇഴപിരിച്ചെടുക്കാനാവില്ല. ജനിച്ചുവോ എങ്കിൽ മരണവും നിശ്ചിതമാണ്. കരഞ്ഞുകൊണ്ട് ജനിച്ച് മറ്റുള്ളവരെ സന്തോഷിപ്പിക്കുമെങ്കിലും എല്ലാവരെയും കരയിപ്പിച്ചുകൊണ്ട് പറയുന്നതാണ് മരണം. മരണം കാണിക്കപ്പെടാത്ത അതിഥിയാണ്. ആരുടെയും മുഖം നോക്കത്തില്ല. പ്രായം പരിഗണിക്കുന്നില്ല. ആരുടെയും കരച്ചിലിൽ മനസ്സലിയുന്നുവല്ലോ. ആരെയും ഭയമില്ലാ ബന്ധുക്കളെയും സ്നേഹിതരെയും അകറ്റിക്കളയുന്നു. അനേകരെ അനാഥരാക്കുന്നു. ഒരു ലേഗജും കൂടെ കൊണ്ടുപോകാൻ അനുവദിക്കുന്നില്ല.


മരണം നിന്നോട് വിളിച്ചു പറയുന്ന ഒരു വലിയ സത്യം ഉണ്ട്. എന്നും എപ്പോഴും എല്ലാവരോടുംകൂടെ ഉണ്ടാകില്ല. പലരുടെയും നിലവിളികൾക്ക് മുമ്പിൽ ചമഞ്ഞ് കിടക്കുകയാണ് ഒന്നുമറിയാത്തവനെപ്പോലെ. മരണത്തിനപ്പുറമുള്ള ജീവിതത്തിലേക്ക് പഴയനിയമം, വെളിച്ചം വീശുന്നുണ്ട്. അങ്ങയുടെ മരിച്ചവർ ജീവിക്കും, അവരുടെ ശരീരം ഉയിർത്തെഴുന്നേൽക്കും (ഏശയ്യ 26:14) മരണാനന്തര ജീവിതത്തെക്കുറിച്ച് സങ്കീർത്തകനും ഇതേ കാഴ്ചപ്പാടാണുള്ളത്. അവിടുന്ന് എന്നെ പാതളത്തൽ തള്ളുകയില്ല. അങ്ങയുടെ പരിശുദ്ധൻ ജീർണിക്കാൻ അനുവദിക്കുകയില്ല. (സങ്കീ. 16:10) പുതിയ നിയമത്തിലേക്ക് കടക്കുന്നതോടെ തികച്ചും വിഭിന്നമായ ഒരു ദൈവശാസ്ത്ര സമീപനമാണ് മരണത്തോടുള്ളത്. മനുഷ്യൻ മരിക്കുന്നതു നശിക്കാനല്ലെന്നും മരണത്തിലൂടെ ജനനത്തിലേക്കു പ്രവേശിക്കുയാണെന്നുമുള്ള പുതിയ ചിന്താധാര ഉടലെടുത്തു. വി. പൗലോസിന്റെ വാക്കുകളിൽ ക്രിസ്തുവിനോടുകൂടി മരിക്കുന്നത് ക്രിസ്തുവിനോട് കൂടി നിത്യം ജീവിക്കാനാണ്.

ഒരു മനുഷ്യൻ മൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും  പാപം ചെയ്തുകൊണ്ട് മരണം എല്ലാവരിലേക്കും വ്യാപിച്ചു. (റോം 5:12). മരണം ഈ ലോക ജീവിതത്തിന്റെ അന്ത്യമാണെങ്കിലും ഒരിക്കലും മനുഷ്യ ജീവിതത്തിന്റെ അന്ത്യമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു (1 കൊരി 15:20). മരിച്ചവർക്കുവേണ്ടിയുള്ള ബലിയെക്കുറിച്ച് മക്കബായറുടെ 2-ാം പുസ്തകത്തിൽ വിവരിക്കുന്നുണ്ട് (2 മക്ക 12:45). എല്ലാ ബലി അർപ്പണത്തിലും നാം മരിച്ചവരെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്.

ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ പങ്കുപറ്റണമെങ്കിൽ നാം മരണത്തിലൂടെ കടന്നു പോകണം. ഒരിക്കലും മരണത്തെ ഭയപ്പെടേണ്ടതില്ല. നല്ല മരണത്തിനായി എപ്പോഴും നമുക്ക് ഒരുങ്ങിയിരിക്കാം. നമ്മുടെ മരണത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ സുനിശ്ചിതമായ മരണത്തെ സൗകര്യപൂർവ്വം മറക്കുന്നവരായി നാം മാറരുത്. ഓരോ മരണവും നമുക്കുള്ള മുന്നറിയിപ്പാണെന്ന് തിരിച്ചറിയുക.

---

## ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ
### കൊച്ചി രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ



**കൊ**ച്ചി: കൊച്ചി രൂപതയുടെ അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ആലപ്പുഴ രൂപതാ മെത്രാൻ ജെയിംസ് റാഫേൽ ആനാപറമ്പിലിനെ ഫ്രാൻസിസ് പാപ്പാ നിയമിച്ചു. പുതിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ വികാരി ജനറലായി റവ. മോൺ. ഷൈജു പരിയാത്തുശ്ശേരിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ രൂപതാദ്ധ്യക്ഷനായി തുടർന്നുകൊണ്ട് അദ്ദേഹം പുതിയ ചുമതല വഹിക്കുന്നതാണ്.

പുതിയ രൂപതാദ്ധ്യക്ഷനെ വത്തിക്കാൻ നിയമിക്കുന്നതുവരെ തന്റെ കടമ നിറവേറ്റാൻ അദ്ദേഹം എല്ലാ രൂപതാംഗങ്ങളുടെയും സഹകരണം അഭ്യർത്ഥിച്ചു. 75 വയസ് പൂർത്തിയായതിനെത്തുടർന്ന് കൊച്ചി രൂപതയുടെ മുൻ അധ്യക്ഷൻ ഡോ. ജോസഫ് കരിയിൽ സമർപ്പിച്ച രാജി ക്കത്തിന് കഴിഞ്ഞ മാർച്ച് മാസത്തിൽ ഫ്രാൻസിസ് പാപ്പ അംഗീകാരം നൽകിയിരുന്നു.

# "ക്രിസ്തു ജീവിക്കുന്നു " - യുവാക്കളോട് ഫ്രാൻസിസ് പാപ്പ

മൃതിയുടെ വിസ്മൃതിയിലേക്ക് മാഞ്ഞുപോയ പ്രിയം നിറഞ്ഞവരുടെ ഓർമ്മത്തിരികൾ തെളിക്കുന്ന പുണ്യം പൂക്കുന്ന കാലമാണിത്. ഏശയ്യാ പ്രവാചകന്റെ 25-ാം അധ്യായം 6-ാം വാക്യം വിരുന്നിന്റെ സൂചനയാണ്. ഈ പർവ്വതത്തിൽ സർവ്വ ജനതകൾക്കും വേണ്ടി സൈന്യങ്ങളുടെ കർത്താവിന് വിരുന്നൊരുക്കും. സ്വർഗ്ഗത്തിന്റെ സമൃദ്ധിയെ പറ്റിയുള്ള ഓർമ്മപ്പെടുത്തലാണ്. ഓരോ മനുഷ്യനും ആ വിരുന്നു മേശയിലേക്കുള്ള തീർത്ഥാടനത്തിലാണ്. മരണത്തിന്റെ കവാടം പിന്നിട്ട് വന്നവരൊക്കെ ഈ വിരുന്നു കൂടാരത്തിന്റെ നടുമുറ്റത്തെത്തിയവർതന്നെ. വിരുന്നിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കാൻ ഒന്നേ വേണ്ടു. വിവാഹ വസ്ത്രം. അതൊരു അടയാളമാണ്. യോഗ്യതയുടെ അടയാളം. സൂചി കൊണ്ടോ നൂലുകൊണ്ടോ തുന്നിയൊരുക്കുന്നതല്ല മറിച്ച് ഒരായുസ്സിന്റെ ആത്മീയത കൊണ്ട് സുകൃതങ്ങളുടെ നൂലിഴകൾ കൊണ്ട് നന്മയുടെ നൈർമ്മല്യം കൊണ്ടൊക്കെ ഒരു മനുഷ്യൻ ക്രമപ്പെടുത്തിക്കൊണ്ട് യോഗ്യതയുടെ പുറങ്കുപ്പായത്തിന് വേദപുസ്തകം കല്പിക്കുന്ന പേരാണ് വിവാഹവസ്ത്രം. അവനവനായി ഒരു വിവാഹവസ്ത്രം ഒരുക്കിയെടുക്കാൻ ദൈവം നല്കിയ കാലയളവാണ് ഈ ജീവിതം. സ്വയം ചോദിക്കണം. സ്വർഗ്ഗത്തിന്റെ സമൃദ്ധിയുണ്ണാൻ ഒരു വിവാഹവസ്ത്രത്തിന്റെ സാധ്യതകളിലേക്ക് ഇനിയും എത്ര ദൂരം.

അനേകം യുവജനങ്ങൾ അവരുടെ ശരീരങ്ങളെപ്പറ്റി ആശങ്കയുള്ളവരാണ്. അവർ ശാരീരികശക്തി പടുത്തുയർത്താനോ ബാഹ്യരൂപം മെച്ചപ്പെടുത്താനോ ശ്രമിക്കുന്നു. മറ്റുള്ളവർ അവരെക്കുറിച്ചു തന്നെ കൂടുതൽ സുനിശ്ചിതത്വം തോന്നാൻവേണ്ടി, അവരുടെ കുറവുകളും അറിവും വികസിപ്പിക്കാൻ പ്രവർത്തിക്കുന്ന ചിലർ, ആത്മീയതയിൽ വളരാനും നിമഗ്നരാകാനും ശ്രമിച്ചുകൊണ്ട്, കൂടുതൽ ഉന്നതമായി ലക്ഷ്യംവയ്ക്കുന്നു. വിശുദ്ധ യോഹന്നാൻ പറഞ്ഞു. യുവാക്കന്മാരേ ഞാൻ നിങ്ങൾക്ക് എഴുതുന്നു. നിങ്ങൾ ശക്തന്മാരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു. (1 യോഹ. 2-14), കർത്താവിനെ തേടുന്നതും അവിടുത്തെ വചനം പാലിക്കുന്നതും അവിടുത്തേക്ക് നമ്മുടെ ജീവിതം ഭരമേല്പിക്കുന്നതും സുകൃതങ്ങളിൽ വളരുന്നതും ഇവയെല്ലാം യുവജനങ്ങളെ ശക്തരാക്കുന്നു. അതുകൊണ്ടാണ് കർത്താവിനോടു ബന്ധപ്പെട്ടു നിൽക്കുകയും അവിടുത്തോട് ഓൺലൈനിൽ കഴിയുകയും ചെയ്യേണ്ട ആവശ്യം നിങ്ങൾക്കുള്ളത് എന്തെന്നാൽ, നിങ്ങളുടെ സ്വന്തം പരിശ്രമങ്ങളും ബുദ്ധിയും കൊണ്ടുമാത്രം നിങ്ങൾ സന്തുഷ്ടരും വിശുദ്ധരുമായി വളരുകയില്ല. ഇന്റർനെറ്റിനോടുള്ള നിങ്ങളുടെ ബന്ധം നഷ്ടപ്പെടാതിരിക്കാരിക്കാൻ നിങ്ങൾ ശ്രമിക്കുന്നതുപോലെ തന്നെ, നിങ്ങൾ കർത്താവിനോട് ബന്ധപ്പെട്ടു കഴിയുന്നു എന്നും ഉറപ്പാക്കുക. അതിന്റെ അർത്ഥം സംവാദം വിച്ഛേദിക്കാതിരിക്കുകയും അവിടുത്തെ ശ്രദ്ധിക്കുകയും എന്താണു ചെയ്യേണ്ടതെന്ന് നിങ്ങൾക്കു തീർച്ചയില്ലാത്തപ്പോൾ അവിടുത്തോട് ഇപ്രകാരം ചോദിക്കുകയും ചെയ്യുക എന്നാണ്: "യേശുവേ, എന്റെ സ്ഥാനത്തായിരുന്നുവെങ്കി, അങ്ങ് എന്തു ചെയ്യും."

# ‘അവൻ നമ്മെ സ്നേഹിച്ചു’: (“Dilexit nos,”- ദിലെക്സിത് നോസ്

യേശുവിന്റെ തിരുഹൃദയത്തെക്കുറിച്ചുള്ള ഫ്രാൻസിസ് പാപ്പയുടെ പുതിയ ചാക്രിക ലേഖനം.

"യേശുക്രിസ്തുവിന്റെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തെ" കുറിച്ചുള്ള പാരമ്പര്യവും പ്രസക്തിയും പുനരവലോകനം ചെയ്തു കൊണ്ടു, വിശ്വാസത്തിന്റെ ആർദ്രതയും സന്തോഷവും മറക്കാതിരിക്കാനും സേവിക്കുന്നതിന്റെ, ദൗത്യത്തിന്റെ, തീക്ഷ്ണതയുടെ, ഭക്തിയുടെ നവീകരണത്തിനായി ആഹ്വാനം ചെയ്യുന്നതുമാണ് ഇതിന്റെ പ്രധാനമായ ഉദ്ദേശ്യം.

"'അവൻ നമ്മെ സ്നേഹിച്ചു", വിശുദ്ധ പൗലോസ് അപ്പോസ്തലൻ ക്രിസ്തുവിനെക്കുറിച്ച് പറയുന്നു (cf. Rom 8:37), ആ സ്നേഹത്തിൽ നിന്ന് ഒരിക്കലും "നമ്മെ വേർപെടുത്താൻ" യാതൊന്നിനും കഴിയില്ല (Rom 8:39)": ഫ്രാൻസിസ് പാപ്പ ഇങ്ങനെ പറഞ്ഞുകൊണ്ടാണ് തന്റെ ചാക്രിക ലേഖനം ആരംഭിക്കുന്നത്. ഫ്രാൻസിസ് പാപ്പയുടെ നാലാമത്തെ ചാക്രിക ലേഖനത്തിൽ, പ്രാരംഭ വാക്കുകളിൽ നിന്ന് അതിന്റെ തലക്കെട്ട് എടുക്കുന്ന പതിവ് രീതിയാണ് ഉപയോഗിച്ചിരിക്കുന്നത് : "Dilexit nos,”– "ദിലെക്സിത് നോസ് "

യേശുക്രിസ്തുവിന്റെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തിനുവേണ്ടിയാണ് ഈ ചാക്രിക ലേഖനം സമർപ്പിക്കപ്പെട്ടിരിക്കുന്നത്: “അവന്റെ കുത്തിത്തുറന്ന ഹൃദയം നമുക്ക് മാതൃകയായി നൽകിക്കൊണ്ട്, നിരുപാധികമായി, ആവശ്യപ്പെടുന്നത് നമ്മുടെ സ്നേഹവും സൗഹൃദവും മാത്രമാണ് ,” എന്ന് പാപ്പാ ആമുഖ ഖണ്ഡികയിൽ എഴുതുന്നു. കാരണം, ‘അവൻ ആദ്യം നമ്മെ സ്നേഹിച്ചു’ (cf. 1 യോഹന്നാൻ 4:10). യേശു നിമിത്തം, ‘ദൈവത്തിന് നമ്മോടുള്ള സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും ചെയ്തു’ (cf.1 യോഹന്നാൻ 4:16).

ക്രിസ്തുവിന്റെ തിരുഹൃദയത്തിൽ അവിടുത്തെ സ്നേഹം പ്രകടമാകുന്നു. പാപ്പ എഴുതുന്നു, "നമ്മുടെ സമൂഹങ്ങളിൽ, ദൈവവുമായുള്ള വ്യക്തിപരമായ സ്നേഹത്തിന്റെ യാതൊരു ബന്ധവുമില്ലാത്ത വിവിധതരം മത ആചാരങ്ങളുടെ വ്യാപനം നമുക്ക് കാണാൻ സാധിക്കും." (87), ക്രിസ്തുമതം പലപ്പോഴും "വിശ്വാസത്തിന്റെ ആർദ്രമായ ആശ്വാസങ്ങളും, മറ്റുള്ളവരെ സേവിക്കുന്നതിന്റെ സന്തോഷവും, ദൗത്യത്തോടുള്ള വ്യക്തിപരമായ പ്രതിബദ്ധതയുടെ തീക്ഷ്ണതയും മറന്നുപോകുന്നു." (88).


*തുടരും...*

# ബ്രദർ റോക്കി പാലയ്ക്കൽ
# അന്ത്യമരണം

**ഫാ. തോമസ് പഴവക്കാട്ടിൽ**

വിജയപുരം രൂപതയുടെ അടിസ്ഥാനശില നന്നേ ചെറുപ്പത്തിൽത്തന്നെ ദൈവവിളി സ്വീകരിച്ച് ദൈവവേലയ്ക്ക് വേണ്ടി ജീവിതം തീറെഴുതിയ ധർമ്മ ജ്യോതിസായിരുന്നു ബ്രദർ റോക്കി പാലക്കൽ. വിജയപുരം രൂപതയുടെ അടിസ്ഥാനശില. അനാരോഗ്യം വക വയ്ക്കാതെ ബ്രദർ റോക്കി എന്ന എന്ന ചെറുപ്പക്കാരനായ സന്യാസി ഉയർത്തി പിടിച്ച ദൈവവചനത്തിന്റെ പ്രകാശവീഥിയിലൂടെ അനേകായിരങ്ങളാണ് ക്രിസ്തു വിശ്വാസത്തിലേക്ക് നടന്നടുത്തത്. അയിത്തവും അനാചാരങ്ങളും അതിർവരമ്പുകൾ തീർക്കപ്പെട്ട് ജീവിതം ജീവിക്കാതെ കടന്നുപോകാൻ വിധിക്കപ്പെട്ട വലിയൊരു വിഭാഗം ജനതതിയുടെ കാണപ്പെട്ട ദൈവമായിരുന്നു ബ്രദർ റോക്കി. ദൈവത്തെ ആര് പരിചയപ്പെടുത്തുന്നുവോ ആ വിശ്വാസിയുടെ കാണപ്പെട്ട ദൈവമാണയാൾ.

അങ്ങിനെയാകുമ്പോൾ കോട്ടയത്തെ അധ: സ്ഥിതരായ കത്തോലിക്കരുടെ കാണപ്പെട്ടദൈവം ബ്രദർ റോക്കി പാലക്കൽ ആണ്.ബ്രദർ റോക്കിയിലാണ് അവർ ദൈവത്തെ ദർശിച്ചത്.അദ്ദേഹത്തിലൂടെയാണ് അവർ ദൈവത്തിന്റെ സ്വരം ശ്രവിച്ചത്. മനുഷ്യ ഗുണമില്ലാത്തവരെന്ന് ആക്ഷേപിച്ച് മാറ്റിനിർത്തപ്പെട്ട ഒരു വിഭാഗം ജനതതിയുടെ വിമോചകനായിരുന്നു ബ്രദർ റോക്കി. മാറ്റിനിർത്തപ്പെട്ടവരിലേക്ക് കടന്നുചെന്ന് അവരെ ചേർത്തുപിടിച്ച വലിയ സ്നേഹ സംസ്കാരമാണ് ബ്രദർ റോക്കിയിൽ അവർക്ക് ദർശിക്കാൻ ആയത്. 1927 ഒക്ടോബർ 29. വലിയൊരു മരണവാർത്തയുമായാണ് അന്നത്തെ പ്രഭാതമുണർന്നത്. ഒരു ജീവിതകാലം അത്രയും കനലുകൾ ചവിട്ടി നടന്ന പുണ്യ പാദങ്ങൾ നിശ്ചലം ആയിരിക്കുന്നു. ആരോടും വിദ്വേഷമില്ലാതെ, ആരോടും പരിഭവമില്ലാതെ എല്ലാവരെയും സ്നേഹിച്ചു വീഴിച്ചിരുന്ന ആ മുഖപുഞ്ചിരി എന്നെന്നേക്കുമായി മാഞ്ഞു പോയിരിക്കുന്നു. ജാതി മതങ്ങളിലല്ല ഉച്ചനീചത്വങ്ങളിലല്ല മറിച്ച് യേശുക്രിസ്തുവിന്റെ കാൽപ്പാടുകളിലാണ് താൻ ജീവിക്കുന്നതെന്ന് സ്വന്തം ജീവിതം കൊണ്ട് തെളിയിച്ച വിശുദ്ധ സന്യാസി മഞ്ഞുമ്മലിലെ ആശ്രമത്തിനുള്ളിൽ നിശ്ചലനായികിടക്കുന്നു. വിശുദ്ധ



ജീവിതം നയിക്കപ്പെട്ട റോക്കി പാലക്കൽ.എല്ലാവർക്കും എല്ലാമായി 85 വർഷക്കാലം അദ്ദേഹം ജീവിച്ചു. ദിവസം ഒരു വ്യക്തിയോടെങ്കിലും.

ദൈവവചനം പറയാനാവാതെ ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ആ വലിയ തീഷ്ണതയിലാണ് കോട്ടയം മിഷൻ എന്ന പ്രസ്ഥാനം സ്ഥാപിക്കപ്പെട്ടത്. അധ:കൃത ജനതയുടെ നവോത്ഥാന പ്രവർത്തനങ്ങളാണ് അവിടെ അരങ്ങേറിയത്. ദൈവവചനത്തിന്റെ പറിച്ചു നടലുകളാണ് അവിടെ പ്രകടമായത്. ഇന്നത്തെ കോട്ടപ്പുറം രൂപതയിൽപ്പെട്ട പള്ളിപ്പുറം മഞ്ഞുമാതാ ഇടവകയിലെ പാലക്കൽ കുടുംബത്തിൽ 1843 സെപ്റ്റംബർ പതിനേഴാം തീയതിയാണ് ബ്രദർ റോക്കി പാലക്കൽ ജനിക്കുന്നത്. പാലക്കൽ വീട്ടിൽ ചിക്കുവും ഏലിയുമായിരുന്നു മാതാപിതാക്കൾ. കോട്ടയത്തെ മാങ്ങാനം കർമ്മലീത്ത ആശ്രമത്തിൽ ആയിരുന്നു പ്രേഷിത പ്രവർത്തനത്തിന്റെ തുടക്കം.കോട്ടയത്തെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഇടയിൽ നടമാടിയിരുന്ന ജാതി വിവേചനവും അടിമത്ത മനോഭാവവും ബ്രദറെഏറെ വേദനിപ്പിക്കുകയുണ്ടായി. അവരും മനുഷ്യരാണെന്നും അവരുടെ സംരക്ഷണം ആശ്രമം ഏറ്റെടുക്കണം.ഈ അഭിപ്രായം ആശ്രമത്തിലെ മുതിർന്ന വൈദികരോട് പങ്കുവെച്ചുവെങ്കിലും അനുകൂലമായ മറുപടിയായിരുന്നില്ല ലഭിച്ചത്. ആശ്രമത്തിനുള്ളിൽ വിവിധഅഭിപ്രായങ്ങൾ ഉണ്ടായി.

ഒടുവിൽ ബ്രദറെ മാന്നാനത്ത്നിന്നും സ്ഥലം മാറ്റി. എതിർപ്പുകൾക്ക് മുന്നിൽ നിശബ്ദനാകേണ്ടി വന്ന ബ്രദർ പരിശുദ്ധ മാതാവിന് മുന്നിൽ കണ്ണീരോടെ പ്രാർത്ഥിച്ചു.ഏതാണ്ട് സന്യാസ മോഹം നിലച്ച പ്രതീതിയായിരുന്നു. സന്യാസ മോഹം സഫലമാക്കി തരണം എന്ന് അപേക്ഷിച്ചു നിരവധി തവണ കൂനമ്മാവ് ആശ്രമത്തിൽ കയറിയിറങ്ങി. ബ്രദറിന്റെ കണ്ണീർ പ്രാർത്ഥന ദൈവത്തിന്റെ തിരുസന്നിധിയിൽ എത്തി. ആശ്രമത്തിൽനിന്നും അറിയിപ്പുണ്ടായി. 1867 ഫെബ്രുവരിയിൽ റോക്കി പാലക്കൽ സന്യാസ സഭാ വസ്ത്രം സ്വീകരിച്ചു. പ്രബലനായ ഒരു നവോത്ഥാന നായകന്റെ തുടക്കമായിരുന്നു അത്. അധഃ കൃതനെന്നും ഹീന ജാതിക്കാരൻ എന്നും വിളിച്ച് സവർണ്ണ മേധാവിത്വം തല്ലിയൊതുക്കുന്നവർക്ക് ഒരു രക്ഷകൻ ഉണ്ടാകണം. ആ വലിയ ദൗത്യം തന്റെ ആശ്രമം ഏറ്റെടുക്കണം. കൊടിയ മർദ്ദനത്തിൽ നിന്നും ഏതുവിധേന എങ്കിലും ഈ പാവങ്ങളെ രക്ഷിക്കണം. കർത്താവിന്റെ ജീവനുള്ള വചനം അവർക്ക് പകർന്നു നൽകണം. അവരിൽ ആത്മധൈര്യം വിളമ്പണം.

പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ അവർക്ക് പരിചിതമാക്കണം. അവരും മനുഷ്യരാണെന്നും ഭൂമിയിലെ സകല അധികാരവും അവർക്കും ഉണ്ടെന്ന് പഠിപ്പിക്കണം. ക്രിസ്തു വിശ്വാസത്തിലേക്ക് അവരെ ആനയിക്കണം. ക്രിസ്തു ഭൂമിയിൽ ഭൂജാതനായത് തങ്ങൾക്കും കൂടി ആണെന്ന് അവരെ ബോധ്യപ്പെടുത്തണം. യേശുക്രിസ്തുവിനെ സ്വീകരിക്കാൻ അവരെ ഒരുക്കണം. വിശ്വാസ പ്രമാണം പഠിപ്പിക്കണം. അയിത്ത ജാതിക്കാരെന്ന് വിളിച്ചു വേർതിരിച്ച് നിർത്തുന്നവരെ ചേർത്തു നിർത്തണം. സമൂഹമധ്യത്തിലൂടെ ആ ജനങ്ങളെ നടത്തണം. ആശയങ്ങളും പല വഴികളിലേക്ക് നീങ്ങി. ആ 22 വയസ്സുകാരന്റെ ചിന്തകളിലൂടെ ആത്മരക്ഷാപ്രവർത്തനങ്ങൾ ചിറകടിച്ചു

പറന്നുനടന്നു. കോട്ടയത്തിന് ഇന്ന് കാണുന്ന പ്രൗഢിയും പദവിയും ഒന്നും ഉണ്ടായിരുന്നില്ല. ഒരുപറ്റം കുന്നുകളുടെ കോട്ടയായിരുന്നു കോട്ടയം. ബ്രദറിന്റെ മാനസാന്തര പ്രവർത്തനങ്ങൾക്ക് മാങ്ങാനും ആശ്രമത്തിൽ രണ്ട് അഭിപ്രായം ഉണ്ടായി. പ്രവർത്തനങ്ങളെ അവർക്ക് നിരാകരിക്കാൻ കഴിഞ്ഞില്ല. അയിത്ത ജനതയുടെ കൂരകളും കുടികളും അനുദിനം കയറിയിറങ്ങി അനേകരെ ക്രൈസ്തവ വിശ്വാസം പരിചയപ്പെടുത്തി. മാമോദിസ സ്വീകരിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ചവരുടെ എണ്ണം അനുദിനം ഏറിവന്നു. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദിവ്യബലിയിൽ നിർബന്ധമായി പങ്കെടുക്കണമെന്ന് ബ്രദർ അവരെ ഓർമിപ്പിച്ചു. സഭയിലെ സവർണർ എന്ന് അഭിമാനിക്കുന്ന ഒരു വിഭാഗത്തിന്റെ ദേവാലയം ആയിരുന്ന ഇടക്കാട്ട് പള്ളിയായിരുന്നു അതിന് ആശ്രയം.

ജാതി വിവേചനം അവിടെയും പ്രകടമായി. ബലിയിൽ പങ്കെടുക്കാൻ ആവാതെ ചിലർ പാമ്പിനെ പോലെയും പട്ടിയെപ്പോലെയും കണ്ട് കല്ലെറിഞ്ഞു ഓടിക്കാൻ തുടങ്ങി.ഇത്തരം വിവേചനം പ്രകടമാകുന്ന സാഹചര്യത്തിൽ പലരും ക്രൈസ്തവ വിശ്വാസത്തെ മടുക്കുന്ന സാഹചര്യത്തിലാണ് ജന വിഭാഗത്തിന് ധൈര്യപൂർവ്വം ബലിയർപ്പിക്കുവാൻ ഒരു ആലയം എന്ന ആശയം ഉണ്ടാകുന്നത്. അന്നത്തെ ഭരണാധികാരിയായിരുന്ന ദിവാൻ പേഷ്കാറെ സമീപിച്ച് അനാഥശാലയ്ക്ക് വേണ്ടി പാട്ടുകുളം കുന്ന് ചോദിക്കുന്നത്. കോട്ടയത്ത് അന്ന് ഒരു അനാഥശാല ഇല്ലാതിരുന്നതിനാൽ ദിവാൻ അത് ഉടനെ തന്നെ സമ്മതിക്കുകയും ചെയ്തു.

രജിസ്റ്റർ ചെയ്യപ്പെട്ടതിനു ശേഷം അവിടെ ഒരു ആലയം പണിയാനുള്ള നടപടികളായി. പ്രതിസന്ധികളും പ്രശ്നങ്ങളും തരണം ചെയ്തുകൊണ്ട് 1882ൽ ഇന്ന് കാണുന്ന നല്ലിടയൻ പള്ളി സ്ഥാപിതമായി.വിശ്വാസത്തിലേക്ക് ആളുകൾ പല ദിക്കിൽ നിന്നും വന്നുകൊണ്ടിരുന്നു. പിന്നോക്ക ജന വിഭാഗത്തിന് ഒരു പള്ളിയായതോടെ അനേകർ ക്രിസ്തുമതത്തിലേക്ക് കടന്നുവന്നു. കോട്ടയം മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി. കോട്ടയത്തിന്റെ സമീപപ്രദേശങ്ങളായ ചെങ്ങളം, കുമരകം, കോട്ടയം മിഷന്റെ ആത്മരക്ഷ നവോത്ഥാന പ്രവർത്തനങ്ങൾ ഊർജ്ജിതമാകുന്ന സാഹചര്യത്തിലാണ് കോട്ടയത്തെയും തൃശ്ശൂരിലെയും സുറിയാനിക്കാരെ വരാപ്പുഴ അതിരൂപതയിൽ നിന്നും വേർപെടുത്തി കൊണ്ടുള്ള ഡിക്രി 1887 മെയ് ഇരുപതാം തീയതി നിന്നും പുറപ്പെടുവിക്കുന്നത്. നിലവിൽ വന്നതോടെ പള്ളികളും ആശ്രമങ്ങളും വീതം വയ്ക്കാൻ തുടങ്ങി. അംഗമായിരുന്ന മാന്നാനം ആശ്രമം സുറിയാനി കാർക്ക് അവകാശപ്പെട്ടതായി. അവർ ഒ സി ഡി എന്ന പേര് തുടച്ച് സി എം ഐ എന്നായി പരിഷ്കരിച്ചു. നല്ലിടയൻ പള്ളിക്കു വേണ്ടിയായി പിന്നീടുള്ള അവകാശവാദം. ജാതി പറഞ്ഞു പള്ളിയിൽ നിന്നും തല്ലിയൊടിച്ച പാവം ജനതയെ വീണ്ടും അവരുടെ തൊഴുത്തിൽ കെട്ടല്ലേ എന്ന് വിശദമായി എഴുതി ബ്രദർ റോക്കി റോമിലെ തിരുസംഘത്തിന് അപേക്ഷ നൽകി. 1888 ജൂണിൽ തിരുസംഘം ഈ അപേക്ഷ പരിഗണിച്ചു. പാട്ടുക്കുളം കുന്നിലെ നല്ലിടയൻപള്ളി ലത്തീൻ സഭയ്ക്ക് അനുവദിച്ചു കൊണ്ടായിരുന്നു തിരുസംഘം ഉത്തരവിറക്കിയത്.

തുടക്കം അവിടെ ആരംഭിക്കുകയായിരുന്നു. കോട്ടയത്തെ നല്ലിടയൻ പള്ളിയും വസ്തുക്കളും വിശ്വാസി ഗണവും തങ്ങൾക്ക് ലഭിക്കാൻ വീണ്ടും പദ്ധതികൾ ഒരുക്കി.ബ്രദർ റോക്കി പാലക്കൽ മാന്നാനം ആ ശ്രമത്തിലെ അംഗമാണ് എന്നതായിരുന്നു രണ്ടാമത്തെ വാദം. ആയതിനാൽ നല്ലിടയൻ പള്ളിയുടെ അവകാശം അവർ ഉയർത്തി.ബ്രദർ വീണ്ടും റോമിന് അപേക്ഷ നൽകി. അനുകൂലമായ തീരുമാനം തിരുസംഘം പ്രഖ്യാപിച്ചതോടെയാണ് ലത്തീൻ സഭ പടർന്നു പന്തലിക്കാൻ തുടങ്ങിയത്. കുമരകം, ചെങ്ങളം, നാട്ടകം കുറിച്ചി അമയന്നൂർ വടവാതൂർ,പട്ടിത്താനം, മണ്ണക്കനാട്, കാട്ടാമ്പാക്ക്, ആണ്ടൂർ, പൊതി,പെരുവ, പൊടിമറ്റം, മുണ്ടക്കയം, ഏന്തയാർ, എലിക്കുളം, കുറുമുള്ളൂർ തുടങ്ങിയ സ്ഥലങ്ങളിൽകോട്ടയം മിഷൻ ശക്തി പ്രാപിക്കുകയും സ്ഥാപിക്കുകയുംചെയ്തു.

കോട്ടയം മിഷൻ പിന്നീട് വിജയപുരം രൂപതയായി.മാറുകയായിരുന്നു. വിജയപുരം എന്ന രൂപതയ്ക്ക് അടിത്തറ പാകിയ ദൈവ പുരുഷനായ ബ്രദർ റോക്കി പാലയ്ക്കലിനെ വിശുദ്ധ പദവിയിലേക്കുയർത്താൻ നമുക്ക് പ്രാർത്ഥിക്കാം.

●




ഒക്ടോബർ 21 മുതൽ 25 വരെ പഞ്ചാബിലെ ജലന്തറിൽ വെച്ച് നടക്കുന്ന ഐ.സി.വൈ.എം ആറാമത് നാഷണൽ യൂത്ത് കോൺഫറൻസിൽ വിജയപുരം രൂപതയെ പ്രതിനിധീകരിച്ച് കെ.സി വൈ.എം രൂപത ജനറൽ സെക്രട്ടറി ജോസ് സെബാസ്റ്റ്യൻ, ഡയറക്ടർ ഫാ.ജോൺ വിയാന്നി, സംസ്ഥാന സിൻഡിക്കേറ്റ് അംഗം സുബിൻ.കെ.സണ്ണി സെക്രട്ടറി അനു വിൻസെന്റ്, ട്രഷറർ അലൻ ജോസഫ്, അസോ. ഡയറക്ടർ ഫാ ഫെർണാണ്ടസ് കോട്ടമേട്, യൂത്ത് കൗൺസിൽ അംഗങ്ങളായ എയ്ഞ്ചൽ സണ്ണി, ജസ്റ്റിൻ രാജൻ, തിരുവല്ല മേഖല ഡയറക്ടർ ഫാ. പോൾ നെൽസൺ കാനപ്പള്ളി, മുൻ രൂപത ആനിമേറ്റർ സി. റാണി സി.എം.എം എന്നിവർ പങ്കെടുത്തു.

# ശതാബ്ദി ആഘോഷ നിറവിൽ രാജമല സെന്റ് തെരേസാസ് ദേവാലയം



*വിജയപുരം രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ രാജമല ദേവാലയത്തിലെ വിശ്വാസികളോടൊപ്പം*

മൂന്നാർ. നൂറു വർഷം പൂർത്തിയാക്കിയ രാജമല സെന്റ് തെരേസാസ് ദേവാലയത്തിന്റെ ശതാബ്ദിന്റെ ആഘോഷവും നവീകരിച്ച ദൈവാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മവും നടന്നു. ഒക്ടോബർ ആറാം തീയതി ഞായറാഴ്ച മൂന്നു മണിക്ക് നടന്ന സമൂഹ ദിവ്യബലിക്ക് വിജയപുരം രൂപതാ മെത്രാൻ റൈറ്റ്.റവ.ഡോ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ മുഖ്യകാർമ്മികനായിരുന്നു. നവീകരിച്ച ദേവാലയത്തിന്റ വെഞ്ചരിപ്പ് കർമ്മവും അദ്ദേഹം നിർവ്വഹിച്ചു. ദിവ്യബലിക്കു ശേഷം വിശുദ്ധ കൊച്ചുത്യേസ്യായുടെ തിരുസ്വരൂപം ദൈവാലയത്തിനു മുന്നിൽ പ്രതിഷ്ഠിച്ചു . 1924 ൽ സ്പാനിഷ് മിഷണറി വൈദികൻ ആയിരുന്ന ഫാ. സെലുസ്റ്റിയാനൂസ് ആണ് ദേവാലയം നിർമ്മിച്ചത്. 1930 മുതൽ വിജയപുരം രൂപതയുടെ ഭാഗമായ ദേവാലയം മൂന്നാർ ബസിലിക്കയുടെ കീഴിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. അറ്റകുറ്റ പണികൾ പൂർത്തിയാക്കി പുതു മോടിയണിഞ്ഞ ദേവാലയത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചവർക്ക് ആദരം നൽകി. തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ദേവാലയം എന്നാണ് ഈ ദേവാലയത്തെ കരുതുന്നത്. സമുദ്രനിരപ്പിൽ നിന്നും 8842 അടി ഉയരമുള്ള ആനമുടിയുടെ താഴ്‌വാരത്തുള്ള രാജമലയിൽ ആണ് ദേവാലയം നിർമ്മിക്കപ്പെട്ടത്. മൂന്നാർ മൗണ്ട് കാർമ്മൽ ബസിലിക്ക റെക്ടർ ഫാ.മൈക്കിൾ വലയിഞ്ചിയിൽ, മറയൂർ ഫെറോന വികാരി ഫാ.നെൽസൺ ആവരവിള വിവിധ മേഖലകളിൽ നിന്നുള്ള വൈദികർ എന്നിവർ നിരവധി വിശ്വാസികൾ പങ്കെടുത്തു.

# നിത്യതയെ ഓർമ്മപ്പെടുത്തുന്ന നവംബർ മാസം

**ചിപ്പി പൊടിമറ്റം**

നവംബർ മാസത്തിലെ ആദ്യ രണ്ടുദിനങ്ങൾ വിശ്വാസ ജീവിതത്തോട് ഏറെ ചേർന്നു നിൽക്കുന്നതാണ്. നവംബർ ഒന്ന് സകല വിശുദ്ധരുടെയും ദിനത്തിൽ, ദൈവകൃപയിലും സൗഹൃദത്തിലും മരിച്ച്, പരിപൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടവരെ സഭ പ്രത്യേകം അനുസ്മരിക്കുന്നു. വിജയ സഭയുടെ തിരുന്നാളെന്നാണ് വിളിക്കപ്പെടുക. ജീവിത വിശുദ്ധിയിലൂടെ സ്വർഗത്തിൽ എത്തിച്ചേരാനുള്ള ഓരോരുത്തരുടെയും വിളിയെ ധ്യാനിക്കാൻ സകല വിശുദ്ധരുടെയും തിരുനാൾ നമ്മെ ക്ഷണിക്കുന്നു.

യേശുവിനെപ്പോലെ സ്നേഹിച്ചും ത്യജിച്ചും മറ്റുള്ളവർക്കായി സഹിച്ചും, ജീവിച്ച് മരിച്ച് കടന്നുപോയി ദൈവത്തോടു കൂടെയിരിക്കുന്നവരാണ് വിശുദ്ധാത്മക്കൾ. സംശയങ്ങളിലൂടെയും ദൗർബല്യങ്ങളിലൂടെയും ഏകാന്തതയിലൂടെയും ഭയത്തിലൂടെയും കടന്നു പോയിട്ടുള്ളവർ തന്നെ എന്നിട്ടും തങ്ങളുടെ ജീവിതത്തിലൂടെ യേശുവിന്റെ മുഖം പ്രതിഫലിപ്പിച്ച തുവഴിയാണ് അവർ വിശുദ്ധരായി മാറുന്നത്. ആനന്ദിച്ചാഹ്ലാദിക്കുവിൻ എന്ന അപ്പസ്തോലിക പ്രബോധനത്തിൽ, ഫ്രാൻസീസ് പാപ്പ നമ്മെ ഓർമ്മിപ്പിച്ചത്, ഓരോ ക്രൈസ്തവന്റെയും വിളി വിശുദ്ധനും വിശുദ്ധയും ആകാനുള്ളതാണെന്നാണ്. വിശുദ്ധിയുടെ സാക്ഷികളും അപ്പസ്തോലന്മാരുമായി മാറാനുള്ള ക്ഷണം അനുദിന ജീവിതത്തിൽ നമ്മ പ്രവർത്തിച്ചു. വചന ചൈതന്യത്തിൽ നിറഞ്ഞ് ക്രിസ്തീയ മാർഗത്തിൽ ചരിച്ചും ഒരുവൻ വിശുദ്ധിയുടെ പടവുകൾ കയറാവുന്നതാണ്.

ക്രിസ്തീയ മാർഗം എന്താണെന്ന് സുവിശേഷ ഭാഗങ്ങൾ പറഞ്ഞു തരുന്നുണ്ട്. ലോകം നിർഭാഗ്യമെന്ന് വിളിച്ച ഒരുപിടി കാര്യങ്ങളെ ഭാഗ്യങ്ങളെന്ന് വിശേഷം നല്കി നൽകുകയാണ് ക്രിസ്തു. ആത്മാവിൽ ദരിദ്രർ, ശാന്തശീലർ, വിലപിക്കുന്നവർ, നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ, കരുണയുള്ളവർ, സമാധാന കാംഷികൾ, പീഡനങ്ങൾ ഏൽക്കുന്നവർ. ഇവരൊക്കെ ഭാഗ്യവാന്മാർ എന്നാണ് ക്രിസ്തു പറയുന്നത്. ശരീരത്തെ സന്തോഷിപ്പിക്കുകയും ജീവിതത്തെ മെച്ചപ്പെടുത്തുകയും ആഡംബരങ്ങളിൽ രമിക്കുകയും ചെയ്യുന്നതിനെയൊക്കെ മാത്രം ഭാഗ്യങ്ങളെന്ന് വിളിച്ചു ശീലിച്ച മനുഷ്യന് ക്രിസ്തു പറഞ്ഞതൊക്കെ ദോഷങ്ങളാണ്. ആത്മാക്കളുടെ രക്ഷയെക്കുറിച്ച് വ്യാകുലപ്പെടുന്ന ജീവിതങ്ങൾക്കൊക്കെ തീർച്ചയായും ഇവയൊക്കെ ഭാഗ്യങ്ങൾ തന്നെ. അതെ, സ്വർഗം സ്വപ്നം കണ്ട് ജീവിക്കുന്ന മനുഷ്യർക്കൊക്കെ ഇവ ഭാഗ്യപ്പെട്ടവതന്നെ. ഈ ലോക ജീവിതത്തിൽ ക്രിസ്തു പഠിപ്പിച്ച ഭാഗ്യങ്ങളിൽ പങ്കുപറ്റിയ കുറെ വിശുദ്ധ ജീവിതങ്ങളുടെ പുണ്യ ഓർമ്മദിനമാണ് നവംബർ ഒന്ന്. സകല വിശുദ്ധരുടെയും ഓർമ്മ തിരുന്നാൾ ദിനം.

ശരീരത്തിന്റെ പൂരണങ്ങളാണ് ഒരുവന് വലുതെങ്കിൽ ക്രിസ്തുവചസുകൾ ഭോഷത്തമായി തോന്നും. മറിച്ച് ആത്മാവിന്റെ രക്ഷയാണ് വലുതെങ്കിൽ ഇത് ഒരുവന് സ്വർഗത്തിലേക്കുള്ള ഗോവണിയാണ്.

നവംബർ രണ്ട് എല്ലാ ആത്മാക്കളുടെയും ദിനമാണ്. മരിച്ചു പോയവരുടെ ആത്മവിശ്രാന്തിക്കുള്ള പ്രർത്ഥനയുടെയും ഓർമ്മകളുടെയും ദിനം. മരണത്തിലൂടെ മുമ്പേ പോയവരെ ബഹുമാനിക്കുന്ന നാം സ്നേഹിച്ചവരെ നന്ദിയോടെ ഓർക്കുന്ന ദിനങ്ങളായി നവംബർ മാസം മുഴുവനും നാം സ്വന്തമാക്കുകയാണ്. പ്രിയപ്പെട്ട കുടുംബാംഗങ്ങളുടെ സ്മരണകൾ ഉള്ളിൽ നിറച്ചുപിടിച്ച് ഒരു സമൂഹമായി, വിശുദ്ധ കുർബ്ബാനയിൽ ഒത്തുകൂടുന്ന ദിവസമാണീ സകല മരിച്ച വിശ്വാസികളുടെയും ദിനം. നമ്മുടെ പ്രിയപ്പെട്ടവർ എങ്ങനെ ജീവിച്ചുവെന്നും, നമ്മുടെ ജീവിതത്തെ അവരെങ്ങനെ സ്വാധീനിച്ചിരുന്നുവെന്നും ഓർത്തെടുക്കാൻ നവംബർമാസം ക്ഷണിക്കുന്നു. ഒപ്പം, അവരിലെ അയോഗ്യതകളെ തുടച്ചുമാറ്റി അവരെ നിത്യതയോളം ഉയർത്തണമേയെന്ന് പ്രാർത്ഥിക്കാനുള്ള അവസരമാണീ ദിനങ്ങൾ.



# ഇടവക വാർത്തകൾ





## മൂവാറ്റുപുഴ മേഖലയിലെ വിവിധ ഇടവകകളിൽ നടന്ന

# ബാലികാ ദിനാഘോഷം

**സെ**പ്റ്റംബർ മാസം ബാലികാ ദിനമായി മൂവാറ്റുപുഴ മേഖലയിലെ ഇടവകകളിൽ ആചരിച്ചു. മാതാവിന്റെ നിർമ്മലതയും വിശുദ്ധിയും എല്ലാം കാര്യത്തിലും ദൈവ ഹിതംനിറവേറ്റിയ പരിശുദ്ധ അമ്മയുടെ സവിശേഷമായ സ്വഭാവ വൈശിഷ്ട്യം എല്ലാ ബാലികമാരിലും നിറയട്ടെ എന്ന് അതാത് ഇടവകകളിലെ വികാരിമാർ ആശംസിച്ചു.

എല്ലാ ദേവാലയത്തിനും ബാലികമാർക്ക് വേണ്ടി പ്രത്യേകമായി പ്രാർത്ഥനയും ബോധവൽക്കരണ ക്ലാസുകളും നടത്തപ്പെട്ടു. സെപ്റ്റംബർ ഒന്നു മുതൽ 8 വരെ എല്ലാ ദിവസവും മുടങ്ങാതെ ദേവാലയത്തിൽ വന്ന കുട്ടികളെ സമ്മാനം നൽകി അധ്യാപകർ പ്രോത്സാഹിപ്പിച്ചു.



വിശുദ്ധ മദർ തെരേസ ദേവാലയത്തിൽ15/9/2024 ദേവാലയ ശുശ്രൂഷിയായ തോമസ് തച്ചേരിലിനെ മതബോധന യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവക കുടുംബം ഒന്ന് ചേർന്ന് ആദരിച്ചു.

സെപ്റ്റംബർ 20,21,22 തീയതികളിൽ ഇടവക തിരുനാൾ സമംഗളം നടത്തപ്പെട്ടു. ഇരുപതാം തീയതി വെള്ളിയാഴ്ച വികാരി ഫാദർ ഐസക് പടിഞ്ഞാറേകുറ്റ് തിരുനാൾ കൊടി ഉയർത്തി തുടർന്ന് ബഹുമാനപ്പെട്ട ഫാദർ മാത്യു മഠത്തിൽ ദിവ്യബലി അർപ്പിച്ച് നൽകിയ സന്ദേശത്തിൽ ലോകം മുഴുവനെയും സ്നേഹത്തിന്റെയും കരുതലിന്റെയും സാന്ത്വനത്തിന്റെയും ചരടിൽ കോർത്തിണക്കാൻ മദർ തെരേസയ്ക്ക് ശക്തി പകർന്നത് മണിക്കൂറോളം ദിവ്യകാരുണ്യ സന്നിധിയിൽ ഇരുന്ന് പ്രാർത്ഥിച്ചതിന്റെ ഫലമാണെന്ന് ഫാദർ മാത്യു ചൂണ്ടിക്കാട്ടി.

തിരുനാൾ ദിനത്തിന്റെ രണ്ടാം ദിവസം സഭയുടെ കൂട്ടായ്മയുടെ പങ്കാളിത്തം എടുത്ത് കാട്ടുന്നതായിരുന്നു അന്നേ ദിനം റവ.ഫാദർ കുര്യൻ പുത്തൻപുരയ്ക്കൽ സി എം ഐ. സുപ്പീരിയർ ജ്യോതി നിവാസ് ) സീറോ മലബാർ ക്രമത്തിൽ ആഘോഷമായ ദിവ്യബലി അർപ്പിച്ചു. പരിശുദ്ധ കുർബാനയും ജപമാല ഭക്തിയും ഒന്ന് ചേർന്നപ്പോൾ ഭാരതത്തിന് ഒരു അമ്മയെ ലഭിച്ചു അതാണ് മദർ തെരേസ എന്നും അമ്മയുടെ നാമത്തിൽ ഈ ദേവാലയം ലഭിച്ചത് സ്വർഗ്ഗത്തിലെ കയ്യൊപ്പ് ആണെന്നും ഫാദർ കുര്യൻ എടുത്തുപറഞ്ഞു തിരുനാൾ ദിനത്തിന് സമാപനദിവസം ആഘോഷമായ ദിവ്യബലിക്ക് നേതൃത്വം നൽകിയത് ഫാദർ ജോഷി പുതുപ്പറമ്പിൽ ആണ്. അഭിഷേകം നിറഞ്ഞ ദിവ്യബലി അനുഗ്രഹത്തിന്റെ

നിറവ് ഏകി. പ്രാർത്ഥനയിലൂടെയും ദൈവപരിപാലനയിൽ ആശ്രയിച്ച് മുന്നോട്ടുപോകുവാൻ ഫാദർ ജോഷി ഇടവക ജനത്തെ ഓർമ്മപ്പെടുത്തി. തുടർന്ന് പ്രദക്ഷിണം പ്രസുദേന്തി മാർ യൂണിറ്റ് അംഗങ്ങൾ വിൻസെന്റ് ഡി പോൾ സൊസൈറ്റി മത അധ്യാപകരും ഇടവക ജനവും ചേർന്ന പ്രിദക്ഷണം. തുടർന്ന് പരിശുദ്ധ കുർബാനയുടെ ആശിർവാദവും കഴുന്നനേർച്ച സ്നേഹവിരുന്ന് ഇവയുടെ നടന്നു. അടുത്ത ഇടവകയിലെ വിശ്വാസികളുടെ സ്നേഹ സാന്നിധ്യം എടുത്തു പറയേണ്ടതാണ്. ഒരു കുടുംബത്തിലെ അംഗങ്ങൾ എന്നപോലെ എല്ലാവരും വികാരിയോടും ഇടവക ജനത്തോടും ചേർന്ന് സഹകരിച്ചു കൊടിയിറക്കി തിരുനാൾ സമാപനമായി. ദൈവനാമത്തിൽ ഇടവക ജനത്തോട് നന്ദി പറഞ്ഞു.

---

# പ്രവാസി ദിനാഘോഷം



വിജയപുരം രൂപതയിൽ 2024 പ്രവാസി ദിനം സമുചിതമായി കൊണ്ടാടി. മൂന്നാർ മൗണ്ട് കാർമൽ ബസിലിക്കയിലും പെരുമ്പാവൂർ സെൻറ് ജോർജ് ദേവാലയത്തിലും അതിഥി തൊഴിലാളികൾക്കായി ദിവ്യബലിയും , പ്രവാസി ദിനാഘോഷവും നടത്തപ്പെട്ടു. മൂന്നാർ മൗണ്ട് കാർമൽ ബസിലിക്കയിൽ റെക്ടർ വെരി റവ ഫാ. മൈക്കിൾ വലയിഞ്ചിയുടെയും, അസിസ്റ്റൻറ് വികാരി റവ ഫാ. അനസ് പോളിന്റെയും നേതൃത്വത്തിൽ റവ ഡിക്കൻ ക്രിസ്തുദാസിന്റെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെയും സഹകരണത്തോട അതിഥി തൊഴിലാളികൾക്കായി ദിവ്യബലിയും ഒത്തുചേരലും സംഘടിപ്പിച്ചു. പെരുമ്പാവൂർ സെൻറ് ജോർജ് ദേവാലയത്തിൽ റവ ഫാ ജോർജ് പുത്തൻപറമ്പിലിന്റെ നേതൃത്വത്തിൽ റവ ഫാ. ജോസഫ് കയ്യാലകത്തിന്റെയും(CM), കാലടി സമീക്ഷയിലെ ജസ്യൂട്ട് വൈദികരുടെയും ,സ്റ്റാഫ് അംഗങ്ങളുടെയും ഇടവകാംഗങ്ങളുടെയും സഹകരണത്തോടെ പ്രവാസി ദിനം ആചരിച്ചു. രൂപതയിൽ നിന്ന് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്കായി വിജയപുരം ഇന്റർനാഷണൽ മൈഗ്രൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ പ്രവാസി ദിനാഘോഷവും ഓണവും സംയുക്തമായി ഓൺലൈൻ

പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേതേച്ചേരിൽ പിതാവ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വിമ പ്രസിഡൻറ് ശ്രീ റെനി ജോർജ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ റവ. ഫാ ലിനോസ് ബിവേര, റവ. ഫാ ഫെലിക്സ് ദേവസ്യ എന്നിവർ സംസാരിച്ചു. പ്രവാസികളും കുടുംബാംഗങ്ങളും വിവിധ കലാപരിപാടികൾ നടത്തി.

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ



സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ വാർഷികം ആഘോഷിച്ചു.: സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരിൽ ദൈവത്തെ കാണുന്നവരാകണം. യഥാർത്ഥ വിൻസൻഷ്യൻസ് പ്രവർത്തകരെന്ന് വിജയപുരം മെത്രാൻ ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പറഞ്ഞു. വിജയപുരം രൂപതയുടെ കീഴിലുള്ള സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സെൻട്രൽ കൗൺസിലിന്റെ (സിസി) 45-ാം വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബസിലിക്ക റെക്ടർ ഫാ. മൈക്കിൾ വലയിഞ്ചിയിൽ, സിസി പ്രസിഡന്റ് പി.എം. രാജേഷ്, സെക്രട്ടറി പി.ടി. റോയി, ട്രഷറർ ജോസഫ് ജയിംസ്, കൊച്ചി സിസി പ്രസിഡന്റ് പി.ടി. മാനുവൽ, മൂന്നാർ എസി. പ്രസിഡന്റ് പി. എൻ ഗോഡ്വിൻ, സിസി വൈസ്പ്രസിഡന്റ് ജസ്റ്റിൻ ഡേവിഡ്, സി. റോസ്‌ലി സേവ്യർ തുടങ്ങിയവർ പ്രസംഗിച്ചു.



*സെന്റ് ജൂഡ് ചർച്ച് മൂലമറ്റം സിഎംഎൽ ദിനാഘോഷം ബഹുമാനപ്പെട്ട വികാരിയച്ചൻ പതാക ഉയർത്തി ഉദ്ഘാടനം ചെയ്യുന്നു*



തിരുവല്ല മേഖലയിലെ പ്രധാന മതാധ്യാപകരുടെയും സെക്രട്ടറി മാരുടെയും സംയുക്ത അവലോകന മീറ്റിംഗിൽ ബഹുമാനപ്പെട്ട ജിസ്സ് ആനിക്കൽ അച്ചൻ ക്ലാസ്സെടുക്കുന്നു



CBCI യുടെ National Biblical Catechetical and Liturgical ട്രെയിനിംഗ് സെന്ററായ ബാംഗ്ലൂരിലെ NBCLC യിൽ വച്ച്, THE IMPORTANCE AND ROLE OF LAY LEADERSHIP IN THE SYNODAL CHURCH OF TODAY, MEDIA AND LAY LEADERSHIP IN THE SYNODAL CHURCH, SYNODALITY FOR THE LAY LEADERSHIP: CHALLENGES & ISSUES എന്നീ വിഷയങ്ങളിൽ നടന്ന സെമിനാറിൽ വിജയപുരം രൂപതയെ പ്രതിനിധീകരിച്ച് പാസ്റ്ററൽ കൗൺസിൽ ജോയിൻറ് സെക്രട്ടറി ശ്രീ. സാജു ജോസഫ്, KLCWA രൂപതാ പ്രസിഡൻറ് ശ്രീമതി ജാക്വലിൻ ജോസഫ്, KLM രൂപതാക്കമ്മിറ്റിയംഗം ശ്രീമതി ലിസ്സി പൈലോ എന്നിവർ പങ്കെടുത്തു.

# 13-ാം പാസ്റ്ററൽ കൗൺസിൽ

വിജയപുരം രൂപതയുടെ 13-ാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് യോഗം ഒക്ടോബർ 12 ശനിയാഴ്ച 10 മണിക്ക് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതാ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. 2025-ൽ വരുന്ന സാധാരണ ജൂബിലിയാഘോഷങ്ങളെക്കുറിച്ച് രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ പിതാവ് സംസാരിച്ചു. കെ.ആർ.എൽ.സി.സി. യോഗത്തിന്റെ റിപ്പോർട്ടിംഗ് ബഹു. ഫാ. വർഗ്ഗീസ് കൊട്ടക്കാട്ട് നടത്തി. 2024 നവംബർ, ഡിസംബർ മാസങ്ങളിലായി നമ്മുടെ 8 മേഖലകളിലായി നടത്തുന്ന കെ.ആർ.എൽ.സി.സി. ജനജാഗരം പരിപാടികളെക്കുറിച്ച് അൽമായ ഫോറം ഡയറക്ടർ ഫാ. വർഗ്ഗീസ് ആലുങ്കൽ വിശദീകരിച്ചു. മൈനർ സെമിനാരിയുടെ സുവർണ്ണജൂബിലിയുമായി ബന്ധപ്പെട്ട് നടത്തുവാൻ പോകുന്ന കാര്യങ്ങൾ ഫാ. അഗസ്റ്റിൻ യാസിർ വിശദീകരിച്ചു. രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉതകുന്ന വിവിധ നിർദ്ദേശങ്ങളും കൗൺസിൽ ചർച്ച ചെയ്തു. യോഗത്തിൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. അജി ജോസഫ് ചെറുകാക്രാഞ്ചേരിൽ സ്വാഗതവും ജോയിന്റ് സെക്രട്ടറി ശ്രീ. സാജു ജോസഫ് റിപ്പോർട്ടിംഗും ശ്രീ. മനോജ് വി. പോൾ കൃതജ്ഞതയും രേഖപ്പെടുത്തി.



*ചീന്തലാർ സെന്റ്. സെബാസ്റ്റ്യൻസ് ഇടവകയിൽ ചെറുപുഷ്പം മിഷൻ ലീഗ് ദിനം ആഘോഷിച്ചു. വികാരിയച്ചൻ പതാക ഉയർത്തുകയും കുട്ടികൾക്ക് സന്ദേശം നൽകുകയും ചെയ്തു.*

# കെ.സി.വൈ.എം പൊടിമറ്റം യൂണിറ്റ് വാർഷിക പ്രതിനിധി സമ്മേളനവും തെരഞ്ഞെടുപ്പും



കെ.സി.വൈ.എം പൊടിമറ്റം യൂണിറ്റ് വാർഷിക പ്രതിനിധി സമ്മേളനവും തിരഞ്ഞെടുപ്പും 27/10/2024 ഞായറാഴ്ച 9.30 ന്റെ കുർബാനയ്ക്ക് ശേഷം നടത്തപ്പെട്ടു.യൂണിറ്റ് വൈസ് പ്രസിഡന്റ് ബിബിൻ തോമസ് പതാക ഉയർത്തിയതോടെ സമ്മേളനത്തിന് തുടക്കം കുറിച്ചു. സെക്രട്ടറി അമല അന്ന ജോസ് സമ്മേളനത്തിന് സ്വാഗതം അർപ്പിച്ചു സംസാരിച്ചു. ബിബിൻ തോമസ് സമ്മേളനത്തിൽ അധ്യക്ഷപദം അലങ്കരിച്ചു. ബ്രദർ. ഡോൺസൺ സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. സജി പൂവത്തുകാട് സമ്മേളനത്തിൽ ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് നടന്ന യൂണിറ്റ് ഇലക്ഷന് കെ.സി.വൈ.എം മുണ്ടക്കയം മേഖല ഡയറക്ടറും പൊടിമറ്റം യൂണിറ്റ് ഡയറക്ടറുമായ ഫാ. സജി പൂവത്തുകാട്, മേഖല ജോയിന്റ് സെക്രട്ടറി അലൻ സന്തോഷ് , രൂപതാ സെക്രട്ടറി റെനീഷ് സെബാസ്റ്റ്യൻ , എന്നിവർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി



## ഏകസ്ഥ കൂട്ടായ്മ രൂപീകരണം സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ

ഏകസ്ഥ കൂട്ടായ്മയ്ക്ക് വികാരി ഫാ. ആൽബർട്ട് മാത്യു കുമ്പളോലിൽ അദ്ധ്യക്ഷത വഹിക്കുകയും ഫാ. ജിനീഷ് പുളിയോരത്ത് ആശംസകൾ അർപ്പിക്കുകയും ചെയ്തു. ശ്രീമതി ശീതൾ തന്റെ ജീവിതാനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് ക്ലാസ് നയിച്ചു. 24 പേർ പങ്കെടുത്ത യോഗത്തിൽ ശ്രീമതി ലൂസി ചാത്തനാട്ട് കൂട്ടായ്മയുടെ പ്രസിഡന്റായും ശ്രീമതി ലിസി കല്ലുവെട്ടാംയിൽ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച അംഗങ്ങൾ ഒത്തുചേരുന്നതിനായുള്ള തീരുമാനം എടുക്കുകയും ചെയ്തു.

ആദരാഞ്ജലികൾ



**ക്ലാരമ്മ ചാക്കോ, കാരയ്ക്കാട്ട്**
**സി. മേഴ്സിക്കുട്ടി RFTS ന്റെ മാതാവ്**

ആദരാഞ്ജലികൾ



**പ്ലാസിഡ് വഞ്ചിപ്പുഴയത്ത്**
**സി. മേരി ജൂലിയ DIH ന്റെ പിതാവ്**

ആദരാഞ്ജലികൾ



**എൻ.വി. തോമസ്, പറപ്പള്ളിൽ**
**സി.ഹെന്ററിറ്റ ക്ലോണിയുടെ പിതാവ്**

ആദരാഞ്ജലികൾ



**മേരി ഫിലിപ്പ്**
**ഇടമൺ വികാരി സണ്ണി HGN അച്ചന്റെ മാതാവ്**

## കുറുമുള്ളൂർ സെന്റ് മേരീസ് സി.എം.എൽ ദിനാഘോഷം



കുറുമുള്ളൂർ സെന്റ് മേരീസ് സി.എം.എൽ ദിനാഘോഷം നടത്തി. ദിവ്യബലിക്കുശേഷം വികാരി ഫാ. ആൽബർട്ട് കുമ്പളോലിൽ പതാക ഉയർത്തി. മതബോധന അദ്ധ്യാപകരും കുട്ടികളും ചേർന്ന് റാലി നടത്തി. ഫാ. ആൽബർട്ട് അച്ചൻ അദ്ധ്യക്ഷത വഹിച്ചു. കുട്ടികളുടെ മിഷണറി തീക്ഷ്ണത പ്രോത്സാഹിപ്പിക്ക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ മുദ്രാവാക്യങ്ങളായ സ്നേഹം, ത്യാഗം, സേവനം, സഹനം എന്നിവയെക്കുറിച്ച് കുട്ടികളെ ഓർമ്മിപ്പിക്കുകയും ആശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്തു.

# വി.എസ്.എസ്.എസ്.
# വാർത്തകൾ

## "ശിശിരം 2024"




**വി**ജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മുതിർന്നവരുടെ ദിനാചരണം "ശിശിരം 2024" വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടന്നു. രാവിലെ എപ്പിസ്ക്കോപ്പൽ വികാർ മോൺ, സെബാസ്റ്റ്യൻ പൂവത്തുങ്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് ചേർന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് അദ്ധ്യക്ഷനായിരുന്നു. ഇത് തന്റെയും കൂടി ആഘോഷമാണെന്നു പറഞ്ഞ അഭിവന്ദ്യ പിതാവ് മുതിർന്നവർ വിശ്വാസ ജീവിതത്തിന് മാതൃകയാവണമെന്നും, പുതുതലമുറയോട് തുറന്ന മനസ്സോടെയും ക്രിയാത്മകമായും ഇടപെടണമെന്നും, തിരുത്തലുകൾ വേണ്ടപ്പോൾ അത് നിർവ്വഹിക്കണമെന്നും പറഞ്ഞു. മോൺ സെബാസ്റ്റ്യൻ പൂവത്തുങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ, നഗരസഭാംഗം മോളിക്കുട്ടി സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. ജോയിസ് മുക്കൂടത്തിന്റെ ഇന്ദ്രജാലപ്രകടനവും അംഗങ്ങളുടെ കലാപരിപാടികളും നടന്നു. വിവിധയിടവകകളിൽ നിന്നായി 500 പേർ സംഗമത്തിനെത്തിയിരുന്നു.



# ബോധവത്ക്കരണ സെമിനാർ - പോക്സോ ആക്ട്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി വിജയ് ബാലവേദിയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്ന പോക്സോ ആക്ടിനെക്കുറിച്ച് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ ക്രൈംസ് ബ്യൂറോ ഡി.വൈ.എസ്.പി. സാജ്ജു വർഗ്ഗീസ് സെമിനാർ ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ സന്ദേശ പ്രചരണത്തിന്റെ ഭാഗമായി നടത്തപ്പെട്ട റീൽസ് മത്സരത്തിലെ ആദ്യമൂന്നു വിജയികൾക്കുള്ള സമ്മാനവിതരണവും നടന്നു. അഡ്വ. ചിന്നുമോൾ തോമസ് ക്ലാസ് നയിച്ചു. ബാലവേദി കോ- ഓർഡിനേറ്റർ ഷിലി ഏബ്രഹാം, വി.എസ്.എസ്.എസ്. പ്രോഗ്രാം ഓഫീസർ സെബാസ്റ്റ്യൻ മറ്റത്തിൽ, ആനിമേഷൻ സി.ഡി.ഒ പ്രമീല ജോർജ് എന്നിവർ സംസാരിച്ചു.









Vijay Balavedi
Social Service Society





# നേത്രപരിശോധന ക്യാമ്പ്



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി, ജനകീയ വികസന സമിതി, മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പാക്കിൽ സെന്റ് തെരേസാസ് ഹാളിൽ സംഘടിപ്പിച്ച സൗജന്യ നേത്രപരിശോധന ക്യാമ്പ്, വികാരി ഫാ. ജോസഫ് കാനപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. കോട്ടയം മെഡിക്കൽ കോളേജ് നേത്രരോഗ വിഭാഗത്തിൽ നിന്നുള്ള ഡോ. അശ്വതിയുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം 140 പേരെ പരിശോധനയ്ക്ക് വിധേയരാക്കി. തുടർ ചികിത്സ ആവശ്യമായവർക്ക് നിർദ്ദേശങ്ങൾ നൽകി. ഇടവക സമിതി സെക്രട്ടറി എബി കുന്നേപ്പറമ്പിൽ, പി.ഡി.സി. വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ മറ്റത്തിൽ, മുതിർന്നവരുടെ കൂട്ടായ്മാ പ്രസിഡന്റ് സൈമൺ വർഗീസ് എന്നിവർ സംസാരിച്ചു.



വി.എസ്.എസ്.എസ്. സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷനുമായി ചേർന്ന് സംഘങ്ങൾക്ക് നൽകുന്ന വായ്പയുടെ രണ്ടാം തവണയായ 50 ലക്ഷം രൂപയുടെ ചെക്ക് ജില്ലാ മാനേജർ എ.ആർ. ഷാജിയിൽ നിന്നും ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഏറ്റുവാങ്ങുന്നു.



വിജയപുരം രൂപത സഹായമെത്രാൻ ഡോ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ, ഇൻസ്ബ്രുക്ക് രൂപത മെത്രാൻ (ഓസ്ട്രിയ) ഡോ. ഹെർമൻ ഗ്ലിറ്ററോടൊപ്പം



വിജയപുരം രൂപതയുടെ 13-ാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് യോഗം രൂപതാ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

NOVEMBER 2024
Vol. 17 • Issue 11
Published on
1st November 2024

# vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
Union Bank of India

**Kodimatha Branch**
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



## യൂണിയൻ ഗോൾഡ് ലോൺ

**KCC** സ്വർണ്ണ വായ്പ **4%*** പലിശ മാത്രം

- ഗ്രാമിന് പരമാവധി **4722 രൂപ** വരെ
- 100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ
- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപ്പണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക്:
**0481-2581213, 8369774730, 7012204575**



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala # 0481-2568180